വായ്പാ, ചൂണ്ടിപ്പണയ (ഹൈപ്പോത്തിക്കേഷൻ) കരാർ

_____എന്നയിടത്ത്_____ന് നടത്തിയിരിക്കുന്ന ഈ കരാർ ഒന്നാം ഭാഗത്തിലെ അനുബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്ന പേരും (പേരുകളും) വിലാസവുമുള്ള (വിലാസങ്ങളുമുള്ള) വ്യക്തികളും (ഇനി "വായ്പക്കാരൻ" എന്ന് വിളിക്കും), രണ്ടാം ഭാഗത്തിൽ വിശദാംശങ്ങൾ പ്രസ്താവിച്ചിരിക്കുന്ന ജാമ്യക്കാരനും (ഇനി ജാമ്യക്കാ(രു)രൻ എന്ന് വിളിക്കും) 4 ഫ്ലോർ, വിധിയോകോൺ ടവർ, E-1, ജലന്ദവാലൻ, ന്യൂഡൽഹി - 110055 എന്നയിടത്ത് രജിസ്റ്റർ ചെയ്ത ഓഫീസും മൂന്നാം ഭാഗത്തിലെ അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്ത് ബ്രാഞ്ച് ഓഫീസുകളിലൊന്നും ഉള്ള, ഒരു നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായി കമ്പനീസ് ആക്റ്റ് 1956 അനുസരിച്ച് ഇൻകോർപ്പറേറ്റ് ചെയ്തിട്ടുള്ളതും RBI ആക്റ്റ്, 1934 അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരു കമ്പനിയായ M/s കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited)-ഉം (ഇനി "BAF" എന്നുവിളിക്കും) തമ്മിലുള്ളതാണ്.

"വായ്പക്കാരൻ)", "ജാമ്യക്കാർ)" "BAF" എന്നിവ കൊണ്ട് ഉദ്ദേശിക്കുന്നവരിൽ സാഹചര്യത്തിനനുസരിച്ച് അവരുടെ നിയമാനുസൃത അവകാശികൾ, പ്രതിനിധികൾ, അനന്തരവകാശികൾ, ഭാരവാഹികൾ, ഭരണസമിതി, നിയുക്തർ മുതലായവരും ഉൾപ്പെടാം.

"വായ്പക്കാരൻ(വായ്പയെടുത്തവർ)", "ജാമ്യക്കാരൻ (ജാമ്യക്കാർ)" എന്നിവർ വാഹനം വാങ്ങാനായി (വാഹനത്തെ കുറിച്ച് അനുബന്ധത്തിലെ ഉദ്ദേശ്യം എന്നയിടത്ത് കൃത്യമായി വിശദീകരിച്ചിട്ടുണ്ട്) ഫിനാൻസ്/വായ്പാ സൗകര്യം അനുവദിച്ചുനൽകാനായി "BAF"-ന്റെ സമീപിക്കുകയും അഭ്യർത്ഥിക്കുകയും, തുടർന്ന് "BAF" ഈ വായ്പാ, ചൂണ്ടിപ്പണയ പണയ കരാറിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും നിയമങ്ങൾക്കുമനുസരിച്ച് അനുബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്ന പരിധി(കൾ) വരെ വായ്പ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു.

രണ്ട് കക്ഷികളും തമ്മിൽ ഇനിപ്പറയുന്ന രീതിയിൽ കരാർ ചെയ്തിരിക്കുന്നു:

1. നിർവ്വചനങ്ങളും വ്യാഖ്യാനവും

1.1 ഈ കരാറിൽ ഇനിപ്പറയുന്ന അർത്ഥങ്ങൾ ബാധകമാണ്:

അനുബന്ധത്തിൽ വിശദമായി വിവരിച്ചിരിക്കുന്ന വാഹനം ഈടായി സ്വീകരിച്ച് വായ്പ നൽകുന്നതിനുള്ള ഈ വായ്പാ ഉടമ്പടിയാണ് **"കരാർ"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ഈ കരാറുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന എല്ലാ പ്രമാണങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കമ്പനീസ് ആക്റ്റ്, 1956-ന് കീഴിൽ സ്ഥാപിതമായതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ ബിസിനസ് ചെയ്യാൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതുമായ ന്യൂഡൽഹിയിൽ രജിസ്റ്റർ ചെയ്ത ഓഫീസുള്ളതും അനുബന്ധത്തിൽ പരാമർശിച്ച ബ്രാഞ്ച് ഓഫീസ് മുഖേന ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ഇടപാട് നടത്തുകയും ചെയ്യുന്ന കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited)-നെയാണ് **"BAF"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുകയും വായ്പക്കാരനായി ഈ കരാർ ഉടമ്പടി ചെയ്യുകയും ചെയ്യുന്ന ഈ കരാർ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന പേരും വിലാസ(ക്കളും)വും ഉള്ള ഒന്നോ അതിലധികമോ വ്യക്തികളെയോ സ്ഥാപനങ്ങളെയോ ആണ് **"വായ്പക്കാരൻ"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ കരാർ ഉണ്ടാക്കിയിരിക്കുന്നത് ആർക്കെല്ലാം വേണ്ടിയാണോ അവരെല്ലാം ഒരുമിച്ചും വെവ്വേറെയായുമെല്ലാം ഈ കരാറിനുകീഴിലെ ബാധ്യതകൾ അംഗീകരിക്കുന്നു.

ഈ കരാറിന്റെ അനുബന്ധത്തിൽ തന്റെ പേരും(ക്കളും) വിലാസ(ങ്ങളും)വും പ്രസ്താവിക്കാൻ അധികാരം നൽകുന്ന, വായ്പ്പക്കാരനെ ഈ കരാറിൽ നിന്ന് വിടുതൽ ചെയ്യിക്കുന്ന, വായ്പ്പക്കാരന്റെ വായ്പ തിരിച്ചടയ്ക്കുമെന്ന് ഉറപ്പുനൽകുന്ന, അവനെ/അവളെ/അവരെ സ്വയം ജാമ്യക്കാരാക്കിക്കൊണ്ട് ഈ കരാർ ഉടമ്പടി ചെയ്യുന്ന ആളെയാണ് **"ജാമ്യക്കാരൻ"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ബാദ്ധ്യതകൾ സമ്മതിച്ച എല്ലാവരും തന്നെ വായ്പക്കാരനൊപ്പം ഒന്നിച്ചും ഒറ്റയ്ക്കൊറ്റയ്ക്കും പണം നൽകാൻ ബാദ്ധ്യസ്ഥരാണ്.

അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന "BAF"-ന്റെ ബ്രാഞ്ചിനെയാണ് **"വായ്പ നൽകുന്ന ബ്രാഞ്ച്"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

അനുബന്ധത്തിൽ പ്രതിപാദിച്ചതുപ്രകാരം, മൊത്തം തവണകളെ അടയ്ക്കേണ്ട മൊത്തം തുകയിൽ (വായ്പാ കാലയളവിൽ വന്നുചേർന്ന മുതലും പലിശയും സമ്മതിച്ച നിരക്കിൽ ദിവസേന കണക്കാക്കി പ്രതിമാസ തവണകളിൽ ബാധകമാക്കുന്നത്) വന്നുചേർന്ന പലിശ, മുതൽ എന്നിവയുമായി തുല്യമായി ഭാഗിച്ച്, എല്ലാ മാസവും വായ്പക്കാരൻ BAF-ന് അടയ്ക്കേണ്ട തുകയാണ് **"EMI" അല്ലെങ്കിൽ "തുല്യമാക്കിയ പ്രതിമാസ തവണ"**

അനുബന്ധത്തിൽ കൃത്യമായി വിശദീകരിച്ചിരിക്കുന്ന വാഹനം വാങ്ങാനായി ഈ കരാറിനനുശ്രണമായി "BAF" അനുവദിക്കപ്പെട്ടനൽകിയ വായ്പ(കൾ)/ഫിനാൻസ് സൗകര്യമാണ് **"വായ്പാ സൗകര്യം"** എന്നതുകൊണ്ട് അർത്ഥമാക്കുന്നത്: ഈ കരാറിലെ നിബന്ധനകൾ ബാധകമാക്കിയശേഷം വന്ന അടയ്ക്കാനുള്ള തുകകളും കുടിശ്ശികയുള്ള വായ്പാ തുകയുടെ മുതലും സാഹചര്യത്തിനനുസരിച്ച് "വായ്പ" എന്നതിൽ ഉൾപ്പെടും,

വീഴ്ച വരുത്തിയ EMI, മറ്റ് ചാർജുകൾ, മുതൽമുടക്കുകൾ, ഫീസ്, ചിലവുകൾ മുതലായവയിൽ വന്നുചേർന്ന പലിശ വെച്ച് കണക്കാക്കുന്നതാണ് **"സ്ഥിരപ്പെടുത്തിയ പലിശ നിരക്ക്"** അടയ്ക്കാനുള്ള തുകയിൽ ഉൾപ്പെടുത്തി വായ്പാ അക്കൗണ്ടിൽ ഈടാക്കുന്ന ഈ തുക അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം വായ്പക്കാരൻ "BAF"-ന് നൽകേണ്ടതാണ്.

"BAF", വായ്പക്കാരൻ എന്നിവരെ ഒന്നിച്ച് പരാമർശിക്കാനാണ് **"കക്ഷികൾ"** എന്ന് ഉപയോഗിക്കുന്നത്.

"വാഹനം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ കരാറിന്റെ അനുബന്ധത്തിൽ കൃത്യമായി വിശദീകരിച്ചിരിക്കുന്ന, "BAF" വാങ്ങാൻ വായ്പാ സൗകര്യം അനുവദിച്ച വാഹനത്തെയാണ്.

ഈ കരാറിന്റെ അനുബന്ധമാണ് **"അനുബന്ധം"** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

1.2 ഈ കരാറിൽ, സാഹചര്യത്തിനനുസരിച്ച് ഏകവചനത്തെ ബഹുവചനമായും പുല്ലിംഗത്തെ സ്ത്രീലിംഗമായും പൊതു ലിംഗഭേദമായെല്ലാം ഉപയോഗിക്കുന്നതാണ്.

1.3 ഇവിടെ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും പ്രയോഗശൈലികൾ 1897-ലെ പൊതു ഉടമ്പടി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത നിയമത്തിലെ കീഴിലുള്ള അതേ അർത്ഥം ഇവിടെയും വരും.

1.4 ഈ കരാറിലെ ഉടമ്പടികൾ ക്രമീകരിച്ചിരിക്കുന്ന രീതി അവ വ്യാഖ്യാനിച്ചിരിക്കുന്ന അതേ രീതിയിലായിരിക്കില്ല. ഉടമ്പടികൾക്ക് തലക്കെട്ടുകൾ നൽകിയിരിക്കുന്നത് സൗകര്യത്തിന് വേണ്ടി മാത്രമാണ്, അതുസംബന്ധിച്ച വ്യവസ്ഥകളുടെ വ്യാഖ്യാനത്തെ ബാധിക്കുന്നില്ല.

2. വായ്പ നൽകാനുള്ള "BAF-ന്റെ" കരാറും വായ്പ്പയെടുക്കാനുള്ള വായ്പ്പക്കാരന്റെ കരാറും

2.1 വായ്പക്കാരന്റെയും ജാമ്യക്കാരന്റെയും സംയുക്ത അപേക്ഷയുടെയും ഇതിന്റെ പേരിലും വായ്പയ്ക്കുള്ള അപേക്ഷയിലും ഉൾപ്പെടുത്തിയ ബോധിപ്പിക്കലുകൾ, വാറന്റികൾ, ഉടമ്പടി രേഖകൾ, രേഖാമൂലമുള്ള ഉറപ്പ് എന്നിവയുടെയും ലോൺ സൗകര്യത്തിനായി വായ്പ്പക്കാരൻ ഉടമ്പടി ചെയ്തതോ ഹാജരാക്കിയതോ ആയ മറ്റ് പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ വാഹനം വാങ്ങുന്നതിനായി വായ്പ നൽകാൻ "BAF"-ഉം "BAF"-ൽ നിന്ന് വായ്പയെടുക്കാൻ വായ്പക്കാരനും സമ്മതിക്കുന്നു, ഈ കരാറിലും അനുബന്ധത്തിലും പൂർണ്ണമായും അടങ്ങിയിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പ്രകാരമാണ് വായ്പാ സൗകര്യം നൽകുന്നത്.

2.2 "BAF"-ഉം വായ്പ്പക്കാരനും തമ്മിലുള്ള വായ്പ നൽകുന്നയാളും വായ്പക്കാരനും എന്ന ബന്ധം ഈ കരാറിന്റെ തീയതിയിൽ ആരംഭിക്കുന്നു, ഇത് വായ്പക്കാരന്റെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും വീഴ്ചകാരണമായി BAF അവസാനിപ്പിക്കുകയോ നിർത്തുകയോ ചെയ്യുന്നതുവരെ തുടരും, കൂടാതെ ഈ കരാറിന്റെ കീഴിലുള്ളതും ഇവിടെ പ്രതിപാദിച്ചിട്ടുള്ളതുമായ പ്രമാണങ്ങൾ പ്രകാരവും വായ്പക്കാരൻ "BAF"-ന് നൽകാനുള്ള മുഴുവൻ പണവും നൽകി "BAF" അത് കൈപ്പറ്റുന്നതുവരെ വായ്പക്കാരന്റെ ബാദ്ധ്യത കണക്കാക്കുന്നത് തുടർന്നുകൊണ്ടിരിക്കും.

3. വായ്പ/ഫിനാൻസ് സൗകര്യം അനുവദിക്കൽ-

"BAF" വായ്പക്കാരനുമായി സമ്മതിച്ച വായ്പ അനുവദിക്കുകയും "BAF" തീരുമാനിക്കുന്ന രീതിയിൽ വായ്പക്കാരന് തുക ഒരു മൊത്തം തുകയായോ അനുയോജ്യമായ തവണകളായോ വിതരണം ചെയ്യുന്നതാണ്/നൽകുന്നതാണ്, BAF-ഉം വാഹനത്തിന്റെ വിതരണക്കാർ/ഡീലറുമായുള്ള പരസ്പര യോജിപ്പിന്റെ/ഏർപ്പാടിന്റെ അടിസ്ഥാനത്തിൽ വിതരണക്കാരനെ പ്രതിനിധികരിച്ച് വിതരണക്കാർ/ഡീലറിൽ നിന്ന് രസീത് കൈപ്പറ്റി അവരുടെ പേരിലാണ് തുക നൽകുക, കൂടാതെ വാഹനം വായ്പക്കാരൻ കൈപ്പറ്റുന്ന അതേസമയം തന്നെ വായ്പാ, ചൂണ്ടിപ്പണയ കരാർ ഉടമ്പടി ചെയ്യുകയും ചെയ്യും.

3.1 തങ്ങളുടെ പൂർണ്ണവിവേചനാധികാര പ്രകാരം വായ്പാസൗകര്യം അനുവദിക്കാനുള്ള അധികാരം "BAF"-ൽ നിക്ഷിപ്തമാണ്, ഇനിപ്പറയുന്നവ ചെയ്യാത്ത പക്ഷം സാധാരണഗതിയിൽ ഒരു തുകയും അനുവദിക്കുകയില്ല :-

അ. വായ്പാ, ചൂണ്ടിപ്പണയ കരാർ ആവശ്യമായ രീതിയിൽ പൂർത്തിയാക്കി വായ്പക്കാരൻ "BAF"-ന് നൽകേണ്ടതുണ്ട്.

ആ. വായ്പക്കാരൻ തവണകൾ തിരിച്ചടയ്ക്കുന്നതിലേക്ക് പിൻ തീയതി കുറിച്ച ചെക്കുകൾ "BAF"-ന് സമർപ്പിക്കൽ

ഇ. "BAF"-ന്റെ പൂർണ്ണ വിവേചനാധികാരത്തിനനുസരിച്ച് ഏതെങ്കിലും പ്രമാണങ്ങളോ രേഖകളോ ആവശ്യമായി ആവശ്യപ്പെടാം.

4. പലിശയും വായ്പാ തുകയും

4.1 ഈ കരാറിന്റെ അനുബന്ധ പ്രകാരം പലിശയടയ്ക്കാൻ വായ്പക്കാരൻ സമ്മതിക്കുന്നു.

4.2 വായ്പക്കാരന് വാഹനം നൽകുകയും കരാർ ആരംഭിക്കുകയും ചെയ്യുന്ന തീയതി മുതൽ വായ്പ/ഫിനാൻസിന്റെ പലിശ കണക്കാക്കി തുടങ്ങും

4.3 വായ്പാ തുകയുടെ പലിശ പ്രതിമാസനിരക്കിൽ കണക്കാക്കും, ബാക്കിയുള്ളത് വരവിന്റെ ആന്തരിക നിരക്കിന്റെ അടിസ്ഥാനത്തിലും.

4.4 സർവീസ് ചാർജുകൾ, പ്രോസസിംഗ് ഫീസ്, സെസ്, കരം, സേവന നികുതി തുടങ്ങി ഈടാക്കപ്പെടുന്ന എല്ലാ നികുതികളും വായ്പക്കാരൻ തന്നെ വഹിക്കേണ്ടതാണ്, ഇവയിലേതെങ്കിലും BAF വഹിച്ചിട്ടുണ്ടെങ്കിൽ അവ പ്രത്യേകമായി "BAF"-ന് തിരിച്ചുനൽകുമെന്ന് വായ്പക്കാരൻ സമ്മതിക്കുന്നു

4.5 ഈ ഉടമ്പടിക്കുകീഴിൽ വായ്പക്കാരൻ അടയ്ക്കേണ്ട മുഴുവൻ തുകയും വായ്പ അക്കൗണ്ടിൽ നിന്ന് ഈടാക്കാൻ/ഡെബിറ്റ് ചെയ്യാൻ "BAF"-ന് അധികാരമുണ്ട് (പലിശ, ഫീസ്, ചാർജുകൾ, സ്റ്റാമ്പ് ഡ്യൂട്ടി, പ്രോസസിംഗ് ഫീ, ലോഗിൻ ഫീസ്, നൽകിയ ലോൺ സൗകര്യവുമായി ബന്ധപ്പെട്ട "BAF" ചെലവിച്ച മുതൽമുടക്കുകൾ, സേവന/ ഒപ്പം മറ്റ് ചാർജുകൾ എന്നിവയുൾപ്പെടെ എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുത്താതെ, ഇവ "BAF" വായ്പക്കാരനിൽ നിന്ന് പ്രത്യേകമായി തിരിക്കെ വാങ്ങിയിട്ടില്ലെങ്കിൽ അടയ്ക്കേണ്ടി വന്നുലാക്കിയിട്ടില്ലെങ്കിൽ. അത്തരം തുകകൾ വായ്പയുടെ ഭാഗമായി മാറും.

4.6 മിച്ചമുള്ള EMI, മുതൽമുടക്കുകൾ, ചാർജുകൾ, ഫീസ്, ചിലവുകൾ മുതലായവയുൾപ്പെടെ അടയ്ക്കാൻ ബാക്കിയുള്ള എല്ലാ തുകകളും (അതായത് അടയ്ക്കേണ്ട സമയത്ത് വായ്പക്കാരൻ "BAF"-ന് അടയ്ക്കാതിരുന്നത്) ലോൺ അക്കൗണ്ടിലേക്ക് ചാർജ് ചെയ്യും, അവയ്ക്ക് സ്ഥിരപ്പെടുത്തിയ നിരക്കിൽ പലിശ/ചാർജുകൾ ഈടാക്കുന്നതാണ്, കൂടാതെ അത്തരം പലിശ, പിഴ ചാർജുകൾ ചുമത്തുന്നതിന് പ്രത്യേകം കാരണങ്ങൾ കാണിക്കേണ്ട ആവശ്യവുമില്ല.

5. തിരിച്ചടവ്

5.1 വായ്പക്കാരൻ നടത്തേണ്ട വായ്പാ തിരിച്ചടവ് (മുതൽ, [illegible]ിലുള്ള പലിശയും മറ്റ് ചാർജുകളും, പ്രീമിയം, ഫീസ്, നികുതികൾ, കരങ്ങൾ, അല്ലെങ്കിൽ ഈ കരാറിനനുശ്രണമായി വായ്പക്കാരൻ "BAF"-ന് അടയ്ക്കേണ്ട മറ്റ് തുകകൾ എന്നിവയുൾപ്പെടെ) :-

അ. അതായത് തുല്യമായി ഗണിച്ച പ്രതിമാസ തവണ (EMI) [illegible] തീയതി കുറിച്ച ചെക്കുകൾ/ ECS എന്നി മാർഗങ്ങളിൽ അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം മുതലിലേക്കും പലിശയിലേക്കും; വായ്പയുടെ തിരിച്ചടവിലേക്കായി വായ്പക്കാരൻ(വായ്പക്കാർ) [illegible] തീയതി കുറിച്ച ചെക്കുകൾ / ECS മാൻഡേറ്റ് നൽകാൻ സമ്മതിക്കുന്നു, കൂടാതെ ചെക്കുകൾ / ECS മാൻഡേറ്റ് മടങ്ങുന്നത് നിയമത്തിനുകീഴിൽ ഒരു ക്രിമിനൽ കുറ്റമാണെന്ന കാര്യത്തിൽ പൂർണ്ണ ധാരണയുണ്ട്. ഈ വായ്പ, ചൂണ്ടിപ്പണയ കരാർ തുടരുന്ന കാലത്തോളം വായ്പക്കാരൻ) അവന്റെ/ അവളുടെ/ അവരുടെ ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കാതെ നിലനിർത്തുമെന്നും ഉറപ്പുനൽകുന്നു;

ആ. മടങ്ങിയ ചെക്കിന്റെയോ ECS മാൻഡേറ്റിന്റെയോ പകരമായി പ്രസ്തുത തുക പണമായി ബ്രാഞ്ചിൽ അടയ്ക്കേണ്ടതാണ് (അല്ലെങ്കിൽ "BAF" അറിയിക്കുന്ന മറ്റേതെങ്കിലും സ്ഥലത്ത്)

5.2 വായ്പയ്ക്കുകീഴിൽ "BAF"-ന് തിരിച്ചടയ്ക്കേണ്ട മുഴുവൻ തുകയും അടച്ചുതീരുന്നതുവരെ EMI-കളും വായ്പാ അക്കൗണ്ടിൽ നിന്ന് ചാർജ് ചെയ്യുന്ന മറ്റ് ചാർജുകൾ, മുതൽമുടക്കുകൾ, ഫീസ്, ചിലവുകൾ മുതലായവയും അടയ്ക്കുന്നത് തുടരുമെന്ന് വായ്പക്കാരൻ സമ്മതിക്കുന്നു.

5.3 വായ്പക്കാരന് വാഹനം ലഭിച്ച [illegible] മുതൽ തിരിച്ചടവ് ഷെഡ്യൂളിനനുസരിച്ച് ഉടൻ തന്നെ തിരിച്ചടവ് ആരംഭിക്കുന്നതാണ്. തിരിച്ചടവ് പദ്ധതി/ഷെഡ്യൂൾ കർശനമായി പാലിക്കുക എന്നത് ഈ വായ്പാ സൗകര്യം അനുവദിക്കുന്നതിന് അത്യന്താപേക്ഷിതമായ ഒരു നിബന്ധനയാണ്.

5.4 തിരിച്ചടവിനുള്ള ഓരോ തീയതിയിലും കൃത്യമായി EMI അടയ്ക്കാനുള്ള അവന്റെ/അവളുടെ/അവരുടെ നിയമബാധ്യത സംബന്ധിച്ച് യാതൊരു അറിയിപ്പുകളോ ഓർമ്മപ്പെടുത്തലുകളോ സൂചനകളോ വായ്പക്കാരന് നൽകുകയില്ല. "BAF"-ന് സമയത്തിന് പണമടയ്ക്കേണ്ടത് പൂർണ്ണമായും അവന്റെ/ അവളുടെ/ അവരുടെ മാത്രം ഉത്തരവാദിത്തമാണ്. "BAF"-ന് വായ്പക്കാരൻ) അടയ്ക്കാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും EMI-കളിൽ വരുന്ന കാലതാമസം അല്ലെങ്കിൽ വീഴ്ച, അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം സ്ഥിരപ്പെടുത്തിയ നിരക്കിൽ (വീഴ്ച വന്ന കാലയളവിലേക്ക്) പലിശ ഈടാക്കാൻ കാരണമാകും, കൂടാതെ അടവിലുള്ള വീഴ്ച കരാർ അവസാനിപ്പിക്കുന്നതിലേക്ക്/നിർത്തുന്നതിലേക്ക് BAF-നെ എത്തിക്കുകയാണെങ്കിൽ, ഈ കരാറിനുകീഴിലെ ആകെ തുക കുടിശ്ശികയാവുന്നതാണ്, ഉടൻ തന്നെ "BAF"-ന് അടയ്ക്കുകയും വേണം.

5.5 തിരിച്ചടയ്ക്കേണ്ട കാലയളവിനുമുമ്പായി അടച്ചുതീർക്കുകയാണെങ്കിൽ, അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പ്രീ പേയ്മെന്റ് ചാർജുകൾ ഈടാക്കാൻ കാരണമാകും.

5.6 മേൽപ്പറഞ്ഞ വാഹനം പ്രവർത്തനയോഗ്യമല്ലാതാവുകയാണെങ്കിലും അല്ലെങ്കിൽ പ്രവർത്തനയോഗ്യമാകാൻ അറ്റകുറ്റപ്പണി ആവശ്യമായി വരികയാണെങ്കിലും "BAF"-ന് കൂടിശ്ശികയായിട്ടുള്ളതും പിരിഞ്ഞ് കിട്ടാനുള്ളതുമായ തുകയും വായ്പക്കാരൻ അനുബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപ്രകാരമുള്ള EMI-കളായി "BAF"-ന് തുടർന്നും അടയ്ക്കേണ്ടതാണ്, കൂടാതെ പ്രസ്തുത വാഹനത്തിന് സംഭവിക്കുന്ന ഏതുതരത്തിലുള്ള അറ്റകുറ്റപ്പണികൾക്കും തകരാറുകൾക്കും "BAF"-ന് ബാദ്ധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുകയുമില്ല.

5.7 വാഹനം നഷ്ടപ്പെടുന്നതോ കളവുപോകുന്നതോ നശിപ്പിക്കപ്പെടുന്നതോ തകരാർ സംഭവിക്കുന്നതോ ഏത് സാഹചര്യത്തിലും ഷെഡ്യൂൾ പ്രകാരമുള്ള EMI അടവുകൾ നിർത്താനുള്ള കാരണമോ ഹേതുവോ ആകുന്നില്ല. അത്തരം കാരണങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പ്രകാരം വായ്പക്കാരന്റെ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യതയെ ലഘൂകരിക്കുന്നില്ല, കൂടാതെ അവ ഈ കരാർ തുടരുന്നതിനെ ബാധിക്കുകയുമില്ല. അത്തരം സാഹചര്യങ്ങൾ വരിയാണെങ്കിൽ കൂടി കൃത്യമായും പതിവായും EMI-കൾ അടയ്ക്കുന്നത് തുടരുമെന്ന് വായ്പക്കാരൻ സമ്മതിക്കുന്നു.

5.8 മുകളിലെ ഉടമ്പടികൾ പ്രകാരം വായ്പക്കാരൻ BAF-ന് ഏതെങ്കിലും അല്ലെങ്കിൽ എല്ലാ PDC-കളും/ ECS മാൻഡേറ്റും നൽകിയിട്ടുണ്ടെങ്കിൽ:

അ) BAF-ന്റെ കൈവശമിരിക്കെ നഷ്ടപ്പെടുകയാണെങ്കിൽ, നശിപ്പിക്കപ്പെടുകയാണെങ്കിൽ, സ്ഥലം മാറ്റിവെച്ച് പോകുകയാണെങ്കിൽ,

ആ) കരാറിൽ ഉൾപ്പെട്ട ആൾക്ക് അല്ലെങ്കിൽ ആളുകളിൽ ആർക്കെങ്കിലും (ഒന്നിലധികം പേരുണ്ടെങ്കിൽ) മരണം, പാപ്പരത്തം, ബുദ്ധിഭ്രംശം എന്നിവ സംഭവിക്കുക അല്ലെങ്കിൽ അവരുടെ അധികാരം നിക്കൽ അല്ലെങ്കിൽ പണം പിൻവലിക്കേണ്ട ബാങ്ക് പൊളിയൽ അല്ലെങ്കിൽ താൽക്കാലികമായി പ്രവർത്തനം നിലയ്ക്കൽ എന്നിവ കാരണമായി പണമാക്കി മാറ്റാൻ കഴിയാത്ത സാഹചര്യം.

അത്തരം സാഹചര്യങ്ങളിൽ, വായ്പക്കാരൻ (അല്ലെങ്കിൽ അന്നത്തരവകാശി), വായ്പക്കാരനെ (അല്ലെങ്കിൽ അന്നത്തരവകാശി) നാശം സംഭവിച്ചതോ കാണാതായതോ (പണവും ആകാം) സംബന്ധിച്ച് അറിയിപ്പ് ലഭിച്ചയുടൻ കാണാതായ കേടുപാട് സംഭവിച്ച ചെക്കുകൾക്ക് പകരം പുതിയത് BAF-ന് അയച്ചുകൊടുക്കുകയോ BAF അംഗീകരിക്കുന്ന രീതിയിൽ തിരിച്ചടവിനായി വേണ്ട ഏർപ്പാടുകൾ ചെയ്യുകയോ ചെയ്യേണ്ടതാണ്.

ഇ) എന്ത് കാരണം കൊണ്ടും, BAF ചെക്ക് ഹാജരാക്കാതിരിക്കുകയോ ECS മാൻഡേറ്റ് ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്നത് BAF-ന് പണം തിരിച്ചടയ്ക്കാനുള്ള വായ്പക്കാരന്റെ ഉത്തരവാദിത്തത്തെ ബാധിക്കുന്നില്ലെന്ന് വായ്പക്കാരൻ സമ്മതിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. കൂടാതെ പണമാക്കി മാറ്റുന്നതിൽ വരുന്ന കാലതാമസങ്ങൾക്കും വീഴ്ചകൾക്കും അല്ലെങ്കിൽ ഉപേക്ഷയ്ക്കും യാതൊരു രീതിയിലും BAF ഉത്തരവാദിയാവുകയുമില്ല. ഏതുസമയത്ത് ചെക്കുകൾ ആവശ്യമായി വന്നാലും അവ ഉപയോഗപ്പെടുത്താനായി വായ്പക്കാരൻ അവന്റെ/ അവളുടെ/ അവരുടെ അക്കൗണ്ടിൽ സദാസമയവും മതിയായ ഫണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

ഈ) വായ്പക്കാരൻ) നൽകിയ ചെക്ക് ഒരുതവണ മടങ്ങുകയും വീണ്ടും സമർപ്പിച്ചപ്പോൾ സ്വീകരിക്കപ്പെടുകയും എന്നാൽ ആ സമയത്തിനുള്ളിൽ മടങ്ങിയ ചെക്കിന്റെ പകരമായി പണം നൽകുകയും ചെയ്യുകയാണെങ്കിൽ, ഇപ്പറഞ്ഞ ഇരട്ട പേയ്മെന്റ് കാരണം സംഭവിക്കുന്ന ഒരു പരിണിതഫലങ്ങൾക്കും BAF-ന് ഉത്തരവാദിത്തമുണ്ടായിരിക്കില്ല എന്നും സമ്മതിക്കുന്നു. എങ്കിലും, അധിക പേയ്മെന്റ് ഇരുകക്ഷികളും തമ്മിലുള്ള പരസ്പര തീർപ്പാക്കൽ പ്രകാരം മടക്കിനൽകുകയോ ക്രമപ്പെടുത്തുകയോ ചെയ്യും.

കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited)-ന് വേണ്ടി

☞ വായ്പക്കാരൻ | ✗ സഹ-വായ്പക്കാരൻ | ✓ ജാമ്യക്കാരൻ

അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒപ്പ്

✓ ജാമ്യക്കാരൻ

✗ സഹ-വായ്പക്കാരൻ

☞ വായ്പക്കാരൻ

NOT IN EFFECT FROM 1ST OCTOBER 2020

ഉ) ചെക്കുകൾക്ക് (ഇവിടെ പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് നേരത്തേ വായ്പക്കാരൻ BAF-ന് നൽകിയത്) കേടുപാടുകൾ സംഭവിക്കുന്നതോ നഷ്ടപ്പെടുന്നതോ കാരണം യാതൊരു കാരണവശാലും തിരിച്ചടവുകളിൽ കാലതാമസം അനുവദിക്കില്ല, അത്തരം സാഹചര്യങ്ങൾ BAF-ന്റെ ഒരു അവകാശങ്ങളെയും വിടുതൽ ചെയ്യുന്നില്ല.

6. പണയവും ചൂണ്ടിപ്പണയവും

6.1 "BAF" മുന്നോട്ടുവെച്ച വായ്പാ സംവിധാനം പരിഗണിച്ച്, "BAF"-ന് നൽകാനുള്ള പലിശയ്ക്കും മറ്റ് തുകകൾക്കുമുള്ള ഈടായി ഈ കരാറിലെ അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന വാഹനം വായ്പക്കാരൻ "BAF"-ന് ചൂണ്ടിപ്പണയമാക്കുന്നു

6.2 "BAF"-ന്റെ പേരിൽ ബന്ധപ്പെട്ട റോഡ് ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നുള്ള രജിസ്ട്രേഷൻ ബുക്കിൽ പൂർത്തിയാക്കിയ ചൂണ്ടിപ്പണയ അംഗീകാരം കരസ്ഥമാക്കാനുള്ള ചുമതല വായ്പക്കാരൻ) ഏറ്റെടുക്കുന്നു.

6.3 വാഹനത്തിന്റെ ചൂണ്ടിപ്പണയം ആദ്യത്തേതും BAF കൂടിശ്ശികൾക്ക് മാത്രമുള്ളതും ആയിരിക്കണം. ഈ കരാർ ഒപ്പിട്ട ഉടനെയോ വാഹനം കൈപ്പറ്റിയ ഉടൻ തന്നെയോ ചൂണ്ടിപ്പണയം ആരംഭിക്കും. (ഇവയിൽ ആദ്യം സംഭവിക്കുന്നത് ഏതാണോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ ചൂണ്ടിപ്പണയ അംഗീകാര തീയതി കണക്കിലെടുക്കാതെ അത് പരിഗണിക്കും.

6.4 സാക്ഷ്യപ്പെടുത്തിയ R.C ബുക്കിന്റെ (സാക്ഷ്യപ്പെടുത്തിയ ചൂണ്ടിപ്പണയം ഉൾപ്പെടെ) ഡെലിവറിയിൽ BAF-ന് ഉത്തരവാദിത്തമുണ്ടായിരിക്കില്ല, R.C. ബുക്ക് ഡെലിവർ ചെയ്തിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി ഉടമ്പടി ചെയ്തിരിക്കുന്ന EMI-കളുടെ പേയ്മെന്റ് വായ്പക്കാർ അടയ്ക്കാതിരിക്കരുത് ഇതിനുള്ള പൂർണ്ണ ഉത്തരവാദിത്തം വായ്പ്പക്കാർക്കുള്ളതാണ്).
സാക്ഷ്യപ്പെടുത്തിയ ചൂണ്ടിപ്പണയം നേടുന്നതിൽ അവൻ/അവൾ/അവർ പരാജയപ്പെടുകയാണെങ്കിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ, ചൂണ്ടിപ്പണയം സാക്ഷ്യപ്പെടുത്തിയത് പ്രായോഗികമാക്കുന്നതിനും, ആവശ്യമെങ്കിൽ വാഹനം കൈമാറുന്നതിനും, "BAF"-യുടെ വിശ്വസ്തരായ അംഗീകൃത വ്യക്തികൾ അല്ലെങ്കിൽ പ്രതിനിധികൾ മുമ്പേന രജിസ്ട്രേഷൻ അതോറിറ്റിയുടെ ഓഫീസിൽ, പ്രാദേശിക ഗതാഗത ഓഫീസർ, സെയിൽസ്/VAT നികുതി ഓഫീസർ, മറ്റ് അതോറിറ്റികൾ എന്നിവയിൽ ഹാജരാകാനുള്ള അവകാശവും അധികാരവും (ഉടമ്പടിയിൽ വിശദമാക്കിയിരിക്കുന്നത് പ്രകാരം) BAF-നുണ്ട്.

6.5 വാഹനത്തിന്റെ ഉപയോഗം/തെറ്റായ ഉപയോഗം അല്ലെങ്കിൽ മറ്റ് കാരണങ്ങളാൽ BAF-നുണ്ടാകുന്ന എല്ലാ ക്ലെയിമുകൾക്കും ചാർജ്ജുകൾക്കും തുടങ്ങി കുടിശികയും നിരക്കും ഈടാക്കുന്ന എന്ത് കാരണത്തിനും വായ്പ്പക്കാർ നഷ്ടപരിഹാരം നൽകേണ്ടതുണ്ട്.

6.6 വായ്പ ലഭിക്കുന്നതിന് വായ്പ്പക്കാരൻ ഏതെങ്കിലും ഉടമ്പടി(കളോ) വാഗ്ദാന പത്ര(ങ്ങളോ)മോ നൽകേണ്ടതുണ്ട്, ഒപ്പം നൽകിയിരിക്കുന്ന വായ്പ സൗകര്യം തിരിച്ചടയ്ക്കുന്നത് സുരക്ഷിതമാക്കുന്നതിന്, വായ്പ മുടങ്ങുകയാണെങ്കിൽ ഇത്തരം എല്ലാ ഡോക്യുമെന്റുകളും അധികാര പത്രങ്ങളും ഉടമ്പടികളും "BAF"-ന് ആവശ്യമായി വന്നേക്കാം.

7. വായ്പ്പക്കാരന്റെ, പ്രസ്താവനകളും, വാറന്റികളും, കരാറുകളും വ്യവഹാരങ്ങളും

7.1 അവൻ/അവൾക്ക് വായ്പ നൽകാൻ "BAF"-ന് മേൽ സ്വാധീനം ചെലുത്തുന്നതിന്, വായ്പ്പക്കാരന്റെ പ്രസ്താവനകൾ/ വാറന്റികൾ/കരാറുകൾ/ വ്യവഹാരങ്ങൾ "BAF"-ന്റെ പക്കൽ ഉണ്ടാകേണ്ടതുണ്ട്-

(അ) അവ പൂർണ്ണതയുള്ളതും കൃത്യമായ വിവരങ്ങളോടുകൂടിയതും പെപ്പം "BAF"-ന് സ്വയം വിശദാംശങ്ങൾ നൽകുന്നതുമായിരിക്കണം, ഒപ്പം നിർണ്ണായകമായ വിവരങ്ങൾ ഒഴിവാക്കുകയോ മറച്ചുവെയ്ക്കുകയോ അരുത്;

(ആ) BAF വാഹനം കൈമാറുമ്പോൾ ഉണ്ടാകുന്ന ഏത് ഉത്തരവാദിത്തവും വാഹനത്തിനുണ്ടാകുന്ന ഏതൊരു തകരാറുകളും വായ്പ്പക്കാരൻ ഏറ്റെടുക്കേണ്ടതാണ്, വാഹനം ഏറ്റെടുക്കുന്നതിന് മുമ്പ് കൃത്യമായി പരിശോധിക്കേണ്ടത് വായ്പ്പക്കാരന്റെ ഉത്തരവാദിത്തമാണ്, ഒപ്പം വാഹനം കൈമാറിയിട്ടില്ലന്നോ ശരിയായ രീതിയില്ല കൈമാറിയെന്നോ പറഞ്ഞുകൊണ്ട്, ഉടമ്പടി പ്രകാരമുള്ള EMI-കളും നിരക്കുകളും തുകകളും ഫീസുകളും ചിലവുകളും നൽകാതിരിക്കരുത്;

(ഇ) എകിലും, വാഹനം ഡെലിവർ ചെയ്യൽ അല്ലെങ്കിൽ ചെയ്യാതിരിക്കൽ എന്നിവ സംബന്ധിച്ച് വായ്പ്പക്കാരനെതിരെ/ജാമ്യക്കാരനെതിരെ വഞ്ചന ചുമത്തപ്പെടുകയും അത് സത്യമാണെന്ന് കണ്ടെത്തുകയും ചെയ്യുകയാണെങ്കിൽ, വാഹനം യഥാർത്ഥത്തിൽ ഡെലിവർ ചെയ്തിട്ടുണ്ടെങ്കിൽ വായ്പക്കാരൻ/ജാമ്യക്കാരൻ അതിന് ഉത്തരവാദിയാകും.

(ഈ) ഫൈനൽ ഇൻവോയ്സ് കൈവശാവകാശം രേഖപ്പെടുത്തിയിട്ടുള്ളത് "BAF"-ന്റെ പേരിലായിരിക്കണം, 1988 മോട്ടോർ വാഹന നിയമത്തിനുകീഴിൽ മുറപ്രകാരമുള്ള രജിസ്റ്ററിംഗ് അതോറിറ്റിക്കുകീഴിൽ വാഹനം രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ പ്രമാണങ്ങളിൽ "BAF"-ന്റെ അവകാശം സാക്ഷ്യപ്പെടുതിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ഉടൻ തന്നെ അവ "BAF"-ന് സമർപ്പിക്കുകയും വേണം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ വേണ്ടരീതിയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം, പുതിയ ഏതെങ്കിലും രജിസ്ട്രേഷൻ ആവശ്യമായി വരികയാണെങ്കിൽ, അവയും "BAF"-ന് ചൂണ്ടിപ്പണയം വെച്ച് സ്ഥാപിക്കുന്ന തരത്തിൽ സാക്ഷ്യപ്പെടുത്തുമെന്ന് വായ്പക്കാരൻ സമ്മതിക്കുന്നു;

(ഊ) "BAF"-ന്റെ അറിയിക്കാതെയോ NOC വാങ്ങാതെയോ വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കരുത്, കൂടാതെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ കൈവശാവകാശം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തുക;

(ഋ) കരാർ കാലയളവിനിടയിൽ "BAF"-ൽ നിന്ന് മുൻകൂട്ടി രേഖാമൂലം അനുമതി വാങ്ങാതെ വാഹനത്തിന്റെ ഈടിൽ മറ്റ് വായ്പകളോ കടങ്ങളോ വാങ്ങാൻ പാടുള്ളതല്ല അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ കടം ചുമത്താൻ പാടുള്ളതല്ല;

(ഌ) ചൂണ്ടിപ്പണയ വാഹനവുമായും ഈ ഉടമ്പടിയുമായും ബന്ധപ്പെട്ട 1988 മോട്ടോർ വാഹന നിയമമുൾപ്പെടെ, ഇന്ത്യയിലെ നിയമങ്ങൾ ആവശ്യപ്പെടുന്ന രീതിയിലുള്ള അധികാരപ്പെടുത്തൽ, അംഗീകാരം, സമ്മതങ്ങൾ, ഇൻഷുറൻസുകൾ, ലൈൻസൻസുകൾ, അനുമതികൾ, പുതുക്കലുകൾ എന്നിവ നേടിയിരിക്കുകയും പൂർണ്ണ പ്രാബല്യത്തോടെയും നിർത്തേണ്ടതും അത്യാവശ്യമാണ്, ഈ കരാറിനുകീഴിലെ എല്ലാ ഈട് പ്രമാണങ്ങളും ബാദ്ധ്യത നിർവ്വഹണവും ആവശ്യമാണ്;

(എ) അപകടം, അഗ്നിബാധ, ലഹളകൾ, ഭൂകമ്പം, ആഭ്യന്തരകലാപം, മോഷണം എന്നിവയുൾപ്പെടെ എല്ലാ നഷ്ടങ്ങളും കേടുപാടുകളും, ഇൻഷുറൻസ് കമ്പനികൾ സാധ്യതയുള്ളവർ ചെയ്യുന്ന മറ്റ് അപായസാധ്യതകളും "BAF" ആവശ്യപ്പെടുന്ന മറ്റ് അപായസാധ്യതകളും (പൂർണ്ണമായ മാറ്റിവാങ്ങൽ മൂല്യത്തിനുള്ളത്) കവർചെയ്യുന്ന, പരിമിതികളിൽ നിന്ന് മുക്തമായ അല്ലെങ്കിൽ ഒഴിവാക്കപ്പെട്ട, അധികരണങ്ങൾ എന്നി റിസ്ക്കുകൾ ഉൾപ്പെടാത്ത, ഗുണഭോക്താവ് എന്ന നിലയിൽ "BAF"-ന്റെ കണക്കാക്കുകയും നിലനിർത്തുകയും ചെയ്യുന്ന, "BAF" അംഗീകാരം നൽകുന്ന മൂന്നാംകക്ഷി ഇൻഷുറൻസ് ഉൾപ്പെടെ ഏതെങ്കിലും ഉപയോഗിച്ച് വാഹനം സമഗ്രമായി ഇൻഷുർ ചെയ്യുകയും ഈ കരാറിന്റെ കാലയളവിലുടനീളം അത് നിലനിർത്തുകയും ചെയ്യേണ്ടതാണ്. മുകളിൽ പറഞ്ഞ ഇൻഷുറൻസ് പോളിസി "BAF"-ന്റെ അവകാശം സാക്ഷ്യപ്പെടുത്തിയിരിക്കണ്ടേത് വായ്പക്കാരന്റെ പേരിൽ എടുക്കുന്നതായിരിക്കണം, മുമ്പത്തെ വർഷത്തെ പോളിസി കാലയളവ് കാലഹരണപ്പെട്ട് 7 ദിവസത്തിനകം പുതുക്കൽ സംബന്ധിച്ച് വായ്പക്കാരൻ "BAF"-ന്റെ അറിയിക്കേണ്ടതാണ്. എകിലും, ഇത് ഈ കരാറിനുകീഴിലെ "BAF"-ന്റെ അവകാശത്തെയും അധികാരത്തെയും ബാധിക്കുവാൻ വേണ്ടി ഉണ്ടാക്കിയതല്ല ഒപ്പം "BAF"-ന്റെ ഏതെങ്കിലും തരത്തിൽ "BAF"-നു മേലുള്ള ബാദ്ധ്യതയായിബലഹീനതയായി കണക്കാക്കുന്നുമില്ല. വാഹനം ഇൻഷുർ ചെയ്ത് നിലനിർത്തിയില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്തം വായ്പക്കാരനായിരിക്കും;

(എ) വായ്പാ കാലയളവിൽ മുൻവർഷങ്ങളിലെ ഇൻഷുറൻസ് പോളിസി/പുതുക്കിയ പോളിസി ലഭിക്കുമ്പോൾ അതിന്റെ പകർപ്പ് "BAF"-ന് സമർപ്പിക്കേണ്ടതാണ്, ഒപ്പം ഇവിടെ പറഞ്ഞ പോളിസിയുടെ കീഴിൽ അടയ്ക്കേണ്ട എല്ലാ പ്രീമിയങ്ങളും മറ്റ് തുകകളും കൃത്യമായി അടയ്ക്കേണ്ടതാണ്, ഒപ്പം പോളിസി പ്രാബല്യത്തിൽ തന്നെ നിലനിർത്താൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്, കൂടാതെ പോളിസിയെ ദോഷകരമായി ബാധിക്കുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും വേണം;

(എ) അത്തരം കാര്യങ്ങളിൽ വായ്പക്കാരൻ വീഴ്ച വരുത്തുകയാണെങ്കിൽ, "BAF" അതിന്റെ തീരുമാനത്തിനനുസരിച്ച് (അതിൽ പരിമിതപ്പെടുത്താതെ) വാഹനം ഇൻഷുർ ചെയ്യുകയും അതിനു വഹിച്ച ചിലവ് ആവശ്യമായ മുൻവിധികളൊന്നും കണക്കിലെടുക്കാതെ വായ്പക്കാരനിൽ നിന്ന് ഉടൻ തിരിച്ചുപിടിക്കുന്നതാണ്;

(എി) എന്തെങ്കിലും ഇൻഷുറൻസ് ക്ലെയിം ലഭിക്കുന്ന സാഹചര്യത്തിൽ, ലഭിക്കുന്ന തുക "BAF"-നൊപ്പമുള്ള വായ്പാ അക്കൗണ്ടിൽ എന്തെങ്കിലും തിർപ്പാക്കാനുണ്ടെങ്കിൽ അതിലേക്ക് പോകും, ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ അത് മാത്രമേ വായ്പക്കാരന് നൽകുകയുള്ളൂ, ഒപ്പം ഇൻഷുറൻസ് തീർപ്പാക്കിയ തുക വായ്പക്കാരന് "BAF"-ലുള്ള കുടിശ്ശികയേക്കാൾ കുറവാണെങ്കിൽ, ബാക്കിവരുന്ന കമ്മി തുക വായ്പക്കാരൻ "BAF"-ന് ഉടൻ നൽകേണ്ടതാണ്;

(ഒ) അപകടം പോലുള്ള കാരണങ്ങളാൽ വരുന്ന മൂന്നാംകക്ഷി ക്ലെയിമുകൾക്ക് കീഴിൽ വരുന്ന ബാദ്ധ്യതകളിൽ നിന്ന് BAF-നെ ഒഴിവാക്കേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം അല്ലെങ്കിൽ ഉടമസ്ഥത വായ്പക്കാരനാണ്, ചൂണ്ടിപ്പണയം എന്ന രീതിയിൽ BAF-ന് അതുമായുള്ള ബന്ധം അതിന്മേൽ വരുന്ന കുടിശ്ശിക വീണ്ടെടുക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു, കൂടുതലൊന്നുമുണ്ടാകില്ല.

(ഓ) നിരസിക്കാനാവാത്ത പ്രേരണ, പ്രകൃതിക്ഷോഭം എന്നിവ കാരണമായി വാഹനത്തിനുണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ വാഹനം നഷ്ടപ്പെട്ടെന്നുതന്നെ "BAF"-നെ അറിയിക്കേണ്ടതാണ്;

(ഔ) ഈ കരാറിനുകീഴിൽ അടയ്ക്കേണ്ട പലിശയും മറ്റ് തുകകളും ഒരുമിച്ചോ ഒറ്റയ്ക്കൊറ്റയ്ക്കോ (ഒന്നിലധികം വായ്പക്കാർ ഉണ്ടെങ്കിൽ) അടച്ചുതീർക്കേണ്ടതാണ്, അവയുടെ നിബന്ധനകളും വ്യവസ്ഥകളും നോക്കുക;

(അം) ഈ കരാർ കാലയളവിലുടനീളം വാഹനം ഉപയോഗക്ഷമമായും/വാസയോഗ്യമായും സൂക്ഷിക്കുകയും അതിന്റെ സ്വഭാവമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുകയും ചെയ്യേണ്ടതാണ്, ഒപ്പം വിനാശകരമായ അല്ലെങ്കിൽ വാഹനം ഉപയോഗരഹിതമാക്കുന്നതോ "BAF"-ന്റെ ഈടിനെ അപര്യാപ്തമാക്കുന്നതോ ആയ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കേണ്ടതുമാണ്;

(അഃ) വാഹനവുമായി ബന്ധപ്പെട്ട എല്ലാ നിരക്കുകളും നികുതികളും കരങ്ങളും ഫീസും ചിലവുകളും ചാർജ്ജുകൾ അടയ്ക്കുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാണ്;

(ക) ഈ ഉടമ്പടിയുടെ കാലയളവിൽ വാഹനമോ അതിന്റെ എതെങ്കിലും ഭാഗമോ പരിഗണിച്ച് ഉടമസ്ഥത മാറ്റുകയോ അല്ലെങ്കിൽ മൂന്നാംകക്ഷി അവകാശങ്ങൾ സൃഷ്ടിക്കുകയോ ചെയ്യൽ (വിൽപ്പന, എക്സ്ചേഞ്ച്, ലീസ്, പണയം, കരാർ, അല്ലെങ്കിൽ ഓപ്ഷൻ അല്ലെങ്കിൽ മറ്റുവിധത്തിൽ) നടത്താൻ പാടുള്ളതല്ല;

(ഖ) അവന്റെ/ അവളുടെ/ അവരുടെ താമസസ്ഥലത്തിന്റെ വിലാസം അല്ലെങ്കിൽ ജോലി എന്നിവ മാറ്റുകയാണെങ്കിലോ അല്ലെങ്കിൽ വാഹനം സാധാരണ ഉള്ള പരിസരങ്ങളിൽ (സ്ഥാവരമാണെങ്കിൽ) എന്തെങ്കിലും മാറ്റം വരികയാണെങ്കിൽ അത്തരം മാറ്റം സംഭവിച്ച് 10 ദിവസത്തിനകം രജിസ്റ്റേഡ് AD പോസ്റ്റായി "BAF"-നെ അറിയിക്കേണ്ടതാണ്;

(ഗ) ജോലി, തൊഴിൽ/ ബിസിനസ്സ് അല്ലെങ്കിൽ നീണ്ടകാലത്തേ താമസത്തിനായി ഇന്ത്യ വിടുകയാണെങ്കിൽ അതിനുമുമ്പ് പ്രി പേയ്മെന്റ് ചാർജ്ജുകൾ ഉൾപ്പെടെ വായ്പ, കുടിശ്ശിക/വീഴ്ച വരുത്തിയ EMI-കൾ, ഫീസ്, മുതൽമുടക്കുകൾ, ചിലവുകൾ മുതലായവ എന്തെങ്കിലും ഉണ്ടെങ്കിൽ അവയെല്ലാം അടച്ചുതീർക്കേണ്ടതാണ്;

(ഘ) നിലവിലുള്ളതോ ഫയൽ ചെയ്യാനുള്ളതോ കഴിഞ്ഞുപോയതോ ആയ യാതൊരു വിധത്തിലുള്ള വ്യവഹാരങ്ങളും നടപടികളും ക്ലെയിമുകളും ഉണ്ടാകാൻ പാടുള്ളതല്ല (സിവിൽ, ക്രിമിനൽ മുതലായവ)

(ങ) കരാറിന്റെയും മറ്റ് വായ്പാ സംബന്ധ പ്രമാണങ്ങളുടെയും നിബന്ധനകൾ പാലിക്കപ്പെടേണ്ടതാണ്, കൂടാതെ ഈ വായ്പയുമായി ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും ഉടമ്പടികളും സമയാസമയങ്ങളിൽ പ്രാബല്യത്തിലുണ്ടായിരിക്കണമെന്ന് സ്വയം അവബോധമുണ്ടായിരിക്കണം,

(ച) ഇവിടെ പറഞ്ഞ വാഹനത്തിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുകയോ അനുവദിക്കുകയോ ഇല്ലെന്ന് അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

(ഛ) നിയമത്തിനുകീഴിൽ അധികാരികൾ വാഹനം പിടികൂടുകയോ കണ്ടുകെട്ടുകയോ ചെയ്യാൻ കാരണമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുകയോ അവയ്ക്ക് കാരണമാവുകയോ ചെയ്യരുത്.

(ജ) വാഹനം അപകടത്തിൽപ്പെടൽ, മോഷണം അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങളാൽ വാഹനം നഷ്ടമോ കേടുപാടുകളോ ഉടൻ തന്നെ ഇൻഷുറൻസ് കമ്പനിയെ അറിയിക്കുകയും അതിന്റെ പൂർണ്ണ ഇൻഷുറൻസ് മൂല്യം ലഭ്യമാക്കാനായി അറ്റകുറ്റപ്പണി അല്ലെങ്കിൽ വീണ്ടെടുക്കലിനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്, ഒപ്പം അത്തരം സംഭവങ്ങളുണ്ടാകുമ്പോൾ "BAF"-നെ അറിയിക്കണം, കൂടാതെ ക്ലെയിം വ്യവഹാരം ചെയ്യാൻ നിയമപരമായി ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും ഇൻഷുറൻസ് കമ്പനിക്ക് മുമ്പാകെ ഹാജരാക്കി, വാഹനത്തിന്റെ ഭദ്രതയ്ക്ക് യാതൊരു അപായവുമുണ്ടാവില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

7.2 "BAF"-ന് നൽകിയ ഭാവി തീയതി രേഖപ്പെടുത്തിയ ചെക്കുകളുടെ പേയ്മെന്റ്/ക്ലിയറൻസ് അല്ലെങ്കിൽ "BAF"-ന്റെ പേരിൽ നൽകിയ ECS മാൻഡേറ്റിനുള്ള വായ്പക്കാരന്റെ) ബാങ്ക് അക്കൗണ്ടിൽ എല്ലാസമയത്തും മതിയായ ബാലൻസ് സൂക്ഷിക്കുമെന്ന് അവൻ/അവൾ/അവർ സമ്മതിക്കുന്നു. ചെക്ക് അല്ലെങ്കിൽ പലിശ കണക്കാക്കൽ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാവുകയാണെങ്കിൽ എന്തെങ്കിലും EMI-കളുടെ അടവ് പിടിച്ചുവെയ്ക്കാൻ വായ്പക്കാരനെ അനുവദിച്ചിട്ടില്ല.

7.3 എന്തെങ്കിലും ചെക്കോ ECS മാൻഡേറ്റോ മടങ്ങുകയാണെങ്കിൽ, അനുബന്ധത്തിൽ വ്യക്തമാക്കിയിരിക്കുന്ന മടങ്ങൽ ചാർജ്ജുകൾ വായ്പക്കാരന്റെ അക്കൗണ്ടിൽ നിന്ന് ഈടാക്കും, അതിനുപുറമെ, ഇതുവരെ പരിഷ്ക്കരിച്ച നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് 1881-ന്റെ 138-ാം 142 വകുപ്പിന് കീഴിൽ അല്ലെങ്കിൽ പേയ്മെന്റ്, സെറ്റിൽമെന്റ് സിസ്റ്റം ആക്റ്റ് 2007-ലെ വ്യവസ്ഥകൾക്ക് കീഴിൽ BAF നിയമനടപടി സ്വീകരിക്കുന്നതാണ്.
വായ്പാ സൗകര്യവുമായി ബന്ധപ്പെട്ട് "BAF" ഇവ പ്രയോഗം:

8. "BAF-ന്റെ" അവകാശങ്ങൾ:

വായ്പാ സൗകര്യവുമായി ബന്ധപ്പെട്ട് "BAF" ഇവ പ്രയോഗം:

അ. വാഹനത്തിന്റെ ഇൻഷുറൻസിനായി സമർപ്പിക്കപ്പെട്ടയാൾ എന്ന രീതിയിൽ സ്വീകരിക്കുന്ന ഏതെങ്കിലും പേയ്മെന്റ്/കൾ സ്വീകരിക്കാനും ഈ കരാറിനുകീഴിൽ വായ്പക്കാരൻ അടയ്ക്കേണ്ടുന്ന കുടിശ്ശിക ഒപ്പം/അല്ലെങ്കിൽ അടയ്ക്കേണ്ട തുകയിലേക്ക് അവ ക്രമപ്പെടുത്താനുമുള്ള അവകാശം;

ആ. വാഹനത്തിന്റെ നിലയും അവസ്ഥയും അന്വേഷിക്കാനും പരിശോധിക്കാനുമുള്ള അവകാശം, ഉചിതമായ സാഹചര്യങ്ങളിൽ വാഹനത്തിന്റെ നിലയും അവസ്ഥയും ഇൻഷുറൻസ് പോളിസി ഉൾപ്പെടെ രേഖകളും അന്വേഷിക്കാനും പരിശോധിക്കാനും വായ്പക്കാരൻ "BAF" ഉദ്യോഗസ്ഥർക്കും പ്രതിനിധികൾക്കും സമ്മതം/അനുമതി നൽകുന്നു ഒപ്പം/അല്ലെങ്കിൽ പ്രസ്തുത വാഹനം പരിശോധനയ്ക്കായി BAF-ന് മുമ്പാകെ ഹാജരാക്കാമെന്നും സമ്മതിക്കുന്നു, പരിശോധനാ, അന്വേഷണ ആവശ്യങ്ങൾക്കും വാഹനം തിരികെ കൈവശപ്പെടുത്താനും (ഈ കരാറിലെ നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുകയാണെങ്കിൽ) വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് നിയന്ത്രണങ്ങളില്ലാതെ പ്രവേശിക്കാനും അനുമതി നൽകുന്നു;

ഇ. "BAF-ന്റെ" മറ്റ് അവകാശങ്ങളിലുള്ള മുൻവിധി കൂടാതെ, പണമടയ്ക്കുന്നതിൽ വരുത്തുന്ന വീഴ്ചയും അല്ലെങ്കിൽ "BAF"-ന്റെ പേരിൽ വാഹനം ചൂണ്ടിപ്പണയം നടത്തുന്നതും അപകടത്തിലാക്കുന്നതും പോലുള്ള "BAF-ന്റെ" സെക്യൂരിറ്റിയുടെ ബന്ധനത്തിലാക്കലും ഉൾപ്പെടെ വായ്പ ഉടമ്പടി സംബന്ധിച്ച വ്യവസ്ഥകളുടെയും നിബന്ധനകളുടെയും ലംഘനത്തിന്റെ സന്ദർഭത്തിൽ, സ്വയമോ ഏജന്റുകളോ പ്രതിനിധികളോ വഴിയോ വാഹനത്തിന്റെ കൈവശപ്പെടുത്തലിനും വായ്പ കുടിശ്ശിക വീണ്ടെടുക്കാൻ വാഹനം വിൽക്കുന്നതിനും അല്ലെങ്കിൽ മറ്റുവിധത്തിൽ ഇപടാട് നടത്തുന്നതിനും "BAF"-ന് എല്ലാവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്. "BAF"-നുള്ള കുടിശ്ശിക തീർക്കാൻ വാങ്ങുന്നയാൾക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്. ഈ ക്ലോസിലെ ഒന്നും തന്നെ വാഹനം വിൽക്കാൻ BAF-നെ കടമപ്പെടുത്തുന്നില്ല, അത്തരം സെക്യൂരിറ്റി സംബന്ധിച്ച് വായ്പക്കാരനെതിരെയും ജാമ്യക്കാരനെതിരെയും വെവ്വേറെ നടപടി സ്വീകരിക്കാൻ BAF-ന് അധികാരമുണ്ട്;

ഈ. എന്തെങ്കിലും ഫോമുകളോ, സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ബുക്കുകളോ, ഇൻഷുറൻസ് പോളിസികളോ, അല്ലെങ്കിൽ രജിസ്റ്ററിംഗ് അതോറിറ്റി, ഇൻഷുറർ, വാഹനത്തിന്റെ നിർമ്മാതാവ് അല്ലെങ്കിൽ ഡീലർമാർ/ വിൽപ്പനക്കാരിൽ നിന്നുള്ള മറ്റേതെങ്കിലും രേഖകളോ കൈവശപ്പെടുത്താനും സ്വീകരിക്കാനും ആവശ്യപ്പെടാനും അല്ലെങ്കിൽ ശേഖരിക്കാനുമുള്ള അവകാശം;

ഉ. വായ്പക്കാരന്റെ അക്കൗണ്ട്, "BAF"-മായുള്ള ബന്ധം, ഒപ്പം / അല്ലെങ്കിൽ അവർ വരുത്തിയ വീഴ്ച (വായ്പക്കാരൻ നൽകിയതോ തിരിച്ചടയ്ക്കുന്ന രീതി, റേറ്റിംഗ്, വീഴ്ച വരുത്തൽ എന്നിവയിൽ നിന്ന് "BAF"-ന് തന്നെ ലഭിച്ചതോ ആയ വിവരങ്ങൾ) എന്നിവ സംബന്ധിച്ച വിവരങ്ങൾ അതിന്റെ ഹെഡ് ഓഫീസ്, മറ്റ് ബ്രാഞ്ച് ഓഫീസുകൾ, അനുബന്ധ സ്ഥാപനങ്ങൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഏതെങ്കിലും റീഫിനാൻസിംഗ് ഏജൻസി, ഒപ്പം കോടതികളുടെയോ മറ്റ് നിയമസംവിധാനങ്ങളുടെയോ നിർദ്ദേശത്തിനനുസരിച്ച് അവർക്കും "BAF"-ന്റെ വിവേചനാധികാരത്തിൽ മൂന്നാംകക്ഷികൾക്കും നൽകാനുള്ള അവകാശം. വായ്പാ സൗകര്യവുമായി ഒപ്പം / അല്ലെങ്കിൽ വായ്പക്കാരനുമായി ബന്ധമുള്ള വിവരങ്ങൾ മൂന്നാംകക്ഷികളിൽ നിന്ന് ആവശ്യപ്പെടാനും സ്വീകരിക്കാനുമുള്ള അവകാശം "BAF"-ന് ഉണ്ടായിരിക്കുന്നതാണ്; ഒപ്പം

ഊ. വെളിപ്പെടുത്തൽ ഉടമ്പടി : വായ്പക്കാരന്റെ ക്രെഡിറ്റ് വിശ്വാസ്യത നിർണ്ണയിക്കാനും മറ്റ് വിവരങ്ങൾക്കായും വായ്പക്കാരൻ(രുടെ)രന്റെ മുമ്പത്തെ അല്ലെങ്കിൽ നിലവിലുള്ള തിരിച്ചടവ് പാറ്റേണുകളെ കുറിച്ചുള്ള വിവരങ്ങൾക്കായി ക്രെഡിറ്റ് ബ്യൂറോയുടെ സേവനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റ് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളെ BAF ബന്ധപ്പെടുമെന്ന് വായ്പക്കാരൻ(ക്കാർ) സമ്മതിക്കുകയും അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു, അതോടൊപ്പം തന്നെ മറ്റേതെങ്കിലും ധനകാര്യ ഏജൻസികളുമായോ മറ്റ് ഏജൻസികളുമായോ ധനകാര്യ വിവരങ്ങൾ പങ്കിടാൻ BAF-ന് സ്വാതന്ത്ര്യമുണ്ടെന്നും സമ്മതിക്കുന്നു. അത്തരം വിവരങ്ങൾ ബാങ്കുകൾ/സാമ്പത്തിക സ്ഥാപനങ്ങൾ, ക്രെഡിറ്റ് ബ്യൂറോകൾ / മറ്റ് ഏജൻസികൾ എന്നിവർ ഉപയോഗിക്കുന്നതിൽ വായ്പക്കാരന്(കൾക്ക്) BAF-നെ ഉത്തരവാദിയാക്കാനോ ചോദ്യം ചെയ്യാനോ കഴിയില്ല.

9. അ) വീഴ്ച വരുത്തുന്ന സാഹചര്യങ്ങൾ.

ഇനിപ്പറയുന്നതിൽ

(അ) വായ്പ, അല്ലെങ്കിൽ ഇവിടെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ഫീസ്, ചാർജുകൾ, അല്ലെങ്കിൽ ഏതെങ്കിലുമൊരു EMI-യോ അതിന്റെ ഭാഗമോ അല്ലെങ്കിൽ ഇതിനുകീഴിലുള്ള ഏതെങ്കിലും തുക കുടിശ്ശികയായതിനുശേഷവും അടയ്ക്കാതെ തുടരൽ.

(ആ) നിർദ്ദേശിച്ചിരിക്കുന്ന ഫോമിൽ വായ്പക്കാ(ര്)രൻ വാഹനത്തിന്റെ വിവരങ്ങൾ നൽകാതിരിക്കൽ; അല്ലെങ്കിൽ

(ഇ) വായ്പക്കാരൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് BAF-ന് നൽകാതിരിക്കൽ;

(ഈ) വായ്പക്കാർ) ഈ കരാറൊപ്പിട്ട് ന്യായമായ കാലാവധിയായ 30 ദിവസത്തിനുള്ളിലും RC ബുക്കിൽ ചൂണ്ടിപ്പണയം സാക്ഷ്യപ്പെടുത്താതിരിക്കൽ (BAF-ന്റെ പേരിൽ);

(ഉ) വായ്പക്കാരൻ പേയ്മെന്റ് ഇൻസ്ട്രക്ഷൻ നിർത്തൽ അല്ലെങ്കിൽ ECS മാൻഡേറ്റ് പണമില്ലാതെ മടങ്ങൽ എന്നിവയുൾപ്പെടെ ഏതെങ്കിലും കാരണങ്ങൾ കൊണ്ട്, ഇതിലെ നിബന്ധനകളും വ്യവസ്ഥകളും പ്രകാരം വായ്പക്കാരൻ BAF-ന് നൽകിയതോ നൽകാനുള്ളതോ ആയ ഏതെങ്കിലും PDC-കൾ ബാങ്കിൽ നിന്ന് പണം കിട്ടാതെ മടങ്ങൽ ;

(ഊ) വാഹനം കളവുപോകൽ അല്ലെങ്കിൽ യാതൊരു കാരണവശാലും കണ്ടെത്താൻ കഴിയാതിരിക്കൽ അല്ലെങ്കിൽ BAF-ന്റെ അഭിപ്രായത്തിൽ മൊത്തം നഷ്ടമാകൽ;

(ഋ) ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസരിച്ച്, വായ്പക്കാരൻ സമയത്തിന് ഇൻഷുറൻസ് പോളിസി പുതുക്കാതിരിക്കുകയോ ചൂണ്ടിപ്പണയമാക്കിയ വാഹനത്തിനൊപ്പം പുതുക്കിയ പോളിസിയുടെ പകർപ്പ് നൽകാതിരിക്കുകയോ ചെയ്യൽ;

(എ) ഇവിടെ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമനുസരിച്ച്, വായ്പക്കാരൻ മടങ്ങിയ PDC-കൾക്കുള്ള ബാങ്ക് ചാർജ് അടയ്ക്കാതിരിക്കൽ;

(എ) ചൂണ്ടിപ്പണയത്തിലുള്ള വാഹനത്തിന് അല്ലെങ്കിൽ ഈ കരാറിനുകീഴിലെ BAF-ന്റെ താൽപ്പര്യങ്ങൾക്ക് കോട്ടമുണ്ടാകുമെന്നോ ദോഷം വരുത്തുമെന്നോ ഉള്ള BAF-ന്റെ അഭിപ്രായത്തിനെ ന്യായീകരിക്കുന്ന ഏതെങ്കിലും സാഹചര്യമുണ്ടാകൽ.

(എ) ഈ കരാറിനുകീഴിൽ വായ്പക്കാരനുള്ള ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതിൽ അവൻ / അവൾ / അവർ വീഴ്ച വരുത്തൽ അല്ലെങ്കിൽ "BAF"-ന്റെ താൽപ്പര്യങ്ങൾക്കായി ഉടമ്പടി ചെയ്ത ഈ കരാറിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും സുരക്ഷാ പ്രമാണങ്ങൾ, രേഖകൾ മുതലായവയുടെ വ്യവസ്ഥകളും നിബന്ധനകളും ലംഘിക്കൽ;

(ഒ) വായ്പക്കാരന് "BAF"-മായുള്ള മറ്റേത് ബാദ്ധ്യതകളുമൊഴികെ ഇതിൽ പറഞ്ഞിരിക്കുന്ന അടയ്ക്കാനുള്ള തുകകൾക്ക് മാത്രം ഈടായിട്ടുള്ള വാഹനത്തെ ഉപയോഗിച്ച് "BAF"-ൽ നിന്ന് രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ ഏതെങ്കിലും വില, ചൂണ്ടിപ്പണയം, കാരണം, ബാദ്ധ്യത സർട്ടിഫിക്കറ്റ് എന്നിവ സൃഷ്ടിക്കാൻ ശ്രമിക്കുക അല്ലെങ്കിൽ ഉദ്ദേശിക്കുക;

(ഓ) ബിസിനസ്സിലെ നഷ്ടം കാരണം "BAF"-ന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ അത് പ്രവർത്തനം നിർത്തൽ /പിരിച്ചുവിടൽ, ഏകീകരിക്കൽ അല്ലെങ്കിൽ അഴിച്ചുപണി നടത്തൽ, കടം കൊടുത്തവരുടെ പ്രയോജനത്തിനായി സ്വത്ത് ഏൽപ്പിച്ചുകൊടുക്കൽ, വായ്പക്കാരൻ കടം കൊടുത്ത ഏതെങ്കിലും ആളുകളുടെ പേയ്മെന്റ് തടസ്സപ്പെടുത്തുക അല്ലെങ്കിൽ അങ്ങനെ ചെയ്യാൻ ഭീഷണിപ്പെടുത്തൽ, വായ്പക്കാരനെതിരെ കടബാദ്ധ്യതകൾ സംബന്ധിച്ച് കേസ് ഫയൽ ചെയ്യപ്പെടൽ,

(ഔ) വായ്പാസൗകര്യം ലഭിക്കാനായി വായ്പക്കാരൻ ഇവിടെ അവന്റെ/ അവളുടെ/ അവരുടെ പ്രസ്താവനകളിൽ, ഉറപ്പുകളിൽ നൽകിയ ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്നോ അസത്യമാണെന്നോ വസ്തുതകൾ മറച്ചുവെയ്ക്കലാണെന്നോ കണ്ടെത്തൽ;

(അം) വായ്പക്കാരന്റെ മുഴുവൻ അല്ലെങ്കിൽ ഭാഗികമായ സ്വത്ത്/ വസ്തുവകകൾ നോക്കിനടത്താൻ റിസീവറെ നിയമിക്കൽ അല്ലെങ്കിൽ വായ്പക്കാരനെതിരെ ഏതെങ്കിലും തരത്തിലുള്ള ജപ്തിനടപടിയോ മറ്റെന്തെങ്കിലും നടപടി ക്രമങ്ങളോ ഉണ്ടാകൽ, അല്ലെങ്കിൽ ഏതെങ്കിലും ഈടുകൾ നടപ്പാക്കൽ അല്ലെങ്കിൽ വസൂലാക്കൽ;

(അഃ) വായ്പക്കാരനെതിരെ ഏതെങ്കിലും തരത്തിലുള്ള ജപ്തി നടപടിയോ മറ്റെന്തെങ്കിലും നടപടിക്രമങ്ങളോ ഉണ്ടാകൽ, അല്ലെങ്കിൽ ഏതെങ്കിലും ഈടുകൾ നടപ്പാക്കൽ അല്ലെങ്കിൽ വസൂലാക്കൽ;

(ക) "BAF" അല്ലാത്ത മറ്റേതെങ്കിലും വ്യക്തി വായ്പക്കാരന്റെ പാപ്പരത്തം പ്രഖ്യാപിക്കാൻ നടപടികൾ ആരംഭിക്കൽ, അല്ലെങ്കിൽ വായ്പക്കാരൻ പാപ്പരാകാൻ വഞ്ചന കാണിക്കുക അല്ലെങ്കിൽ തട്ടിപ്പ് നടത്താൻ ശ്രമിക്കൽ;

(ഖ) വാഹനം ഏതെങ്കിലും തരത്തിൽ നശിപ്പിക്കപ്പെടുകയോ വിൽക്കുകയോ ഉപേക്ഷിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ, ജപ്തി ചെയ്യുകയോ, ക്ലിപ്തപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ;

(ഗ) ഇവിടെ നൽകിയിരിക്കുന്ന ജാമ്യം വായ്പക്കാരന് ഹാജരാക്കാൻ കഴിയാതെ വരൽ;

(ഘ) "BAF"-ന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ BAF-ന്റെ താൽപ്പര്യങ്ങൾക്ക് കോട്ടം വരുത്തുന്ന തരത്തിൽ അല്ലെങ്കിൽ അപകടപ്പെടുത്തുന്ന തരത്തിൽ വായ്പക്കാരൻ തന്റെ അധികാരം അല്ലെങ്കിൽ നിർവ്വഹണത്തിൽ സമഗ്രമായ മാറ്റം വരുത്തൽ അല്ലെങ്കിൽ "BAF"-ന്റെ വിശ്വാസത്തിൽ നിന്ന് നേട്ടമുണ്ടാക്കാൻ നടത്തിപ്പ് അവസാനിപ്പിക്കൽ;

(ങ) വിശദമായ അന്തിമ ഉപയോഗ പ്രസ്താവന നൽകാനുള്ള "BAF"-ന്റെ അഭ്യർത്ഥന ലഭിച്ച് 10 (പത്ത്) ദിവസത്തിനകം "BAF" ആവശ്യപ്പെടുന്നത് പോലെ അത് "BAF"-ന് എത്തിച്ചുനൽകാൻ കഴിയാതെ വരികയാണെങ്കിൽ;

(ച) വായ്പക്കാരൻ വാഹനത്തെ വാണിജ്യമോ നിയമപരമല്ലാത്തതോ ആയ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണെങ്കിൽ;

(ഛ) ഏതെങ്കിലും കാര്യനിർവ്വഹണങ്ങൾക്കോ മറ്റേതെങ്കിലും കാരണങ്ങൾക്കോ ആണെങ്കിൽ കൂടി, "BAF"-ന് വായ്പ തുടരാൻ കഴിയില്ല അല്ലെങ്കിൽ സമ്മതമുണ്ടാകില്ല;

(ജ) BAF-ഉം വായ്പക്കാരനും തമ്മിലുള്ള മറ്റേതെങ്കിലും കരാറിലെ ബാദ്ധ്യതകൾ വിടുതൽ ചെയ്യുന്ന രീതിയിലുള്ള എന്തെങ്കിലും വീഴ്ച വായ്പക്കാരന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയാണെങ്കിൽ.

ആ) വീഴ്ച വരുത്തുന്ന സാഹചര്യത്തിലുള്ള അറിയിപ്പ്

വീഴ്ച വരുത്തുന്ന സാഹചര്യത്തിലോ അറിയിപ്പിന് ശേഷമോ കാലാവധിക്ക് ശേഷമോ അല്ലെങ്കിൽ രണ്ട് കാരണങ്ങളും ഒരുമിച്ചോ വീഴ്ചവരുത്തിയ സാഹചര്യത്തിൽ, 15 ദിവസത്തിനുള്ളിൽ തന്നെ വീഴ്ച വരുത്തിയ സാഹചര്യത്തെക്കുറിച്ച് അല്ലെങ്കിൽ ഇവന്റിനെക്കുറിച്ച് വിശദമായി എഴുതിയ ഒരു "BAF" അറിയിപ്പ് വായ്പക്കാരൻ ഉടൻ നൽകേണ്ടതുണ്ട്.

ഇ) വീഴ്ചവരുത്തുമ്പോഴുള്ള പ്രത്യാഘാതങ്ങൾ

I. മുകളിൽ കൊടുത്തിട്ടുള്ള വീഴ്ചവരുത്തിയ സാഹചര്യം, കാലാവധി പൂർത്തിയാക്കുന്നതിലുള്ള ഉപേക്ഷ എന്നിവയുടെ മേൽ "BAF"-ന് ഇനിപ്പറയുന്ന അവകാശം ഉണ്ടായിരിക്കും:

(അ) വായ്പ നൽകുന്നതിന് തീരുമാനിക്കുന്നതിനും വായ്പയുടെ എല്ലാ തിരിച്ചടവുകളും വിണ്ടെടുക്കുന്നതിന് വായ്പ റദ്ദാക്കുന്നതിനും;

(ആ) നിയമപ്രകാരമുള്ള നടപടിക്രമങ്ങളിൽ വിശദീകരിച്ചിരിക്കുന്നത് പ്രകാരം സ്വയമോ അറ്റോർണികൾ മുഖേനയോ "BAF" നിയമിച്ചിട്ടുള്ള അംഗീകൃത പ്രതിനിധികൾ എഞ്ജിൻസികൾ മുഖേനയോ വാഹനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്;

(ഇ) ആർബിട്രേഷൻ ആൻഡ് കൗൺസിലേഷൻ ആക്റ്റ്, 1996 പ്രകാരമുള്ള ആർബിട്രേഷൻ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന്.

(ഈ) കുടിശിക കളുടെ തിരിച്ചടിവിനും നൽകിയ ഉറപ്പ് നിറവേറ്റുന്നതിനും മതിയായ മറ്റ് നടപടി ചെയ്യുക.

II. വായ്പക്കാരന് അറിയിപ്പ് നൽകൽ:

(അ. വായ്പക്കാരനോട് സ്വയമോ ഒപ്പം/അല്ലെങ്കിൽ അംഗീകൃത പ്രതിനിധികളോ അല്ലെങ്കിൽ എഞ്ജിൻസികളോ മുഖേന എഴുത്തിലൂടെയോ/ ഫോണിലൂടെയോ/ നേരിട്ടുള്ള വ്യക്തിഗത ആശയവിനിമയങ്ങളിലൂടെയോ BAF ആശയവിനിമയം നടത്തിയേക്കാം,

(ആ. വായ്പക്കാരന്റെ അഭ്യർത്ഥന പ്രകാരം, BAF ഒപ്പം/അല്ലെങ്കിൽ അതിന്റെ എഞ്ജിൻസികൾ ഒപ്പം /അല്ലെങ്കിൽ അംഗീകൃത പ്രതിനിധികൾ എന്നിവർ വായ്പക്കാരന്റെ താമസസ്ഥലം അല്ലെങ്കിൽ പുതുതായുള്ള താമസസ്ഥലം അല്ലെങ്കിൽ ഏതെങ്കിലും മറ്റ് സ്ഥലത്ത് സന്ദർശനം നടത്തിയേക്കാം,

(ഇ. വായ്പ കരാർ പ്രകാരം താമസ്ഥലത്തിലേക്ക് കുടിശിക അറിയിപ്പ് നൽകാതെ വാഹനം തിരിച്ചെടുക്കുന്നതോ ശരിയായ പ്രമാണങ്ങൾക്കൊപ്പം BAF-ന് ലഭ്യമാക്കിയിട്ടുള്ള പുതിയ വിലാസത്തിലേക്ക് വായ്പക്കാരനുമായി ആശയവിനിമയം നടത്താതെയോ ഏതെങ്കിലും നിയമപരമായതോ മറ്റ് തിരിച്ചടക്കൽ നടപടികൾ BAF നടത്തുന്നതല്ല.

(ഈ. വാഹനം തിരിച്ചെടുക്കുന്നതിന് അല്ലെങ്കിൽ BAF ആവശ്യപ്പെടുന്ന ഏതെങ്കിലും നിയമ നടപടികളെടുക്കുന്നതിന് മുമ്പ് കുടിശിക അടയ്ക്കുന്നതിന് വായ്പക്കാരന് 7 ദിവസത്തെ അവധി നൽകുന്നതാണ്.

III. നോട്ടീസ് കാലയളവ് വേണ്ടുന്നുവെയ്ക്കുന്ന സാഹചര്യങ്ങൾ:

ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ വായ്പ്പാക്കാരന് നോട്ടീസ് നൽകില്ല:-

(അ) BAF-ന് എതിരഭിപ്രായം വരുത്തുന്ന ന്യായമായ കാരണങ്ങൾക്കൊണ്ടോ ചൂണ്ടിപ്പണയമായ വാഹനം അപകടത്തിലാക്കുകയോ ഉടമ്പടി പ്രകാരം BAF-ന് നൽകേണ്ട പലിശയിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരു സാഹചര്യത്തിലും;

(ആ) വായ്പ്പാക്കാരൻ "BAF"-ന് നൽകേണ്ട മറ്റ് ഉടമ്പടികൾ സുരക്ഷിതമാക്കുന്നത് ഒഴികെ പറഞ്ഞിരിക്കുന്ന കുടിശികകളുടെ അടവ് സുരക്ഷിതമാക്കുന്നതിന് വായ്പ്പക്കാരൻ "BAF"-ന്റെ എഴുതി തയ്യാറാക്കിയ സമ്മതപത്രമില്ലാതെ, വായ്പക്കാരന്റെ വാഹനത്തിനുമേൽ എന്തെങ്കിലും നിരക്ക് ഈടാക്കുന്നതോ ചൂണ്ടിപ്പണയം നൽകുന്നതോ കൈവശാവകാശം നൽകുന്നതോ ബാദ്ധ്യത ഉണ്ടാക്കുന്നതോ ആയ കാര്യങ്ങൾക്ക് ശ്രമിക്കുകയോ വിചാരിക്കുകയോ ചെയ്യുകയാണെങ്കിൽ;

(ഇ) വായ്പ ലഭിക്കുന്നതിന് വായ്പ്പക്കാരൻ നൽകിയിരിക്കുന്ന അവന്റെ/അവളുടെ അവതരണങ്ങൾ, വാറന്റികൾ അല്ലെങ്കിൽ ഇവിടെ നൽകിയിരിക്കുന്ന ഏതൊരു വിവരവും തെറ്റായതോ സത്യമല്ലാത്തതോ ആയിരിക്കുകയോ വസ്തുതകൾ മറച്ചുവെയ്ക്കുകയോ ചെയ്യുകയാണെങ്കിൽ;

(ഈ) വായ്പക്കാരൻ വാഹനത്തെ വാണിജ്യമോ നിയമപരമല്ലാത്തതോ ആയ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണെങ്കിൽ.

IV. വാഹനം തിരിച്ചുവാങ്ങൽ:

തിരിച്ചുവാങ്ങൽ നടപടി ക്രമത്തിന് മുമ്പ് വായ്പക്കാരന് എഴുതി തയ്യാറാക്കിയ അറിയിപ്പ് നൽകുന്നു.

ആർബിട്രേഷൻ ആൻഡ് കൗൺസിലേഷൻ ആക്റ്റ്, 1996 അല്ലെങ്കിൽ അധികാരമുള്ള അതോറിറ്റിക്ക് കീഴിൽ ഉണ്ടാകുന്ന ഉടമ്പടികൾ പ്രകാരം കോടതിയിൽ നിന്നും റിസീവർ ഓർഡർ ലഭിച്ചതിന് ശേഷം മാത്രമേ വാഹനം തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൂ.

കോടതിയുടെ അല്ലെങ്കിൽ എതെങ്കിലും അധികാരമുള്ള അതോറിറ്റിയുടെ ശാസന പ്രകാരം വാഹനം തിരിച്ചെടുക്കുന്നത് വായ്പ്പക്കാരൻ എതിർക്കുകയോ പ്രതികൂലിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യരുത്. BAF, വായ്പ്പാക്കാരന് വാഹനത്തിന്റെ ഒരു വസ്തുവിവരപ്പട്ടിക നൽകിയേക്കാം.

വാഹനം തിരിച്ചെടുത്തതിന് ശേഷം വാഹനത്തിന്റെ സുരക്ഷയും പരിരക്ഷയും ഉറപ്പുവരുത്തുന്നതിന് BAF എല്ലാ വിധ ഉചിതമായ സംരക്ഷണവും നൽകുന്നതാണ്. വാഹനം തിരിച്ചെടുക്കുന്നതിന് മുമ്പ് ഉണ്ടാകുന്നതോ അതിനുശേഷം ഉണ്ടാകുന്നതോ ആയ അല്ലെങ്കിൽ അതിന്റെ കൈവശം വെയ്ക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചിലവുകൾക്ക് വായ്പ്പക്കാരൻ വഹിക്കേണ്ടതുണ്ട്.

ആവശ്യമെങ്കിൽ അനുബന്ധ പോലീസ് സ്റ്റേഷനുമായി BAF തിരിച്ചെടുക്കലിന് മുമ്പോ ശേഷമോ സൂചന നൽകുന്നതായിരിക്കും.

V. വാഹനത്തിന്റെ മൂല്യനിർണ്ണയം അല്ലെങ്കിൽ വിൽപ്പന:

വാഹനം തിരിച്ചെടുത്തതിന് ശേഷം, 7 ദിവസത്തിനുള്ളിൽ ശേഷിക്കുന്ന കുടിശികകൾക്കായി തിരിച്ചടച്ച് വാഹനം കൈവശമാക്കാൻ വായ്പക്കാരന് അവസാന അവസരം നൽകുന്നതിന് വിൽപ്പനയ്ക്ക് മുമ്പ് തന്നെ അറിയിപ്പ് നൽകുന്നതാണ്.

സമ്മതിച്ചിട്ടുള്ള തിരിച്ചടക്കൽ നിബന്ധന പ്രകാരം എല്ലാം തുകയും വായ്പക്കാരൻ തിരിച്ചടക്കുന്ന സാഹചര്യത്തിൽ തിരിച്ചടവിന്റെ സാക്ഷാത്ക്കരണത്തിനായി വാഹനം വായ്പ്പക്കാരന് തന്നെ തിരിച്ച് നൽകുന്നതായിരിക്കും.

അറിയിപ്പിന് ശേഷം 07 ദിവസങ്ങൾക്കുള്ളിൽ അല്ലെങ്കിൽ വീഴ്ചവരുത്തുന്ന സാഹചര്യത്തിൽ രണ്ട് കക്ഷികളും സമ്മതിച്ചിട്ടുള്ള തിയതി പ്രകാരം ശേഷിക്കുന്ന കുടിശികകളും നിരക്കുകളും അടയ്ക്കുന്നതിന് വായ്പ്പക്കാരന് സാധിക്കാതെ വന്നാൽ, BAF-ന് അനുയോജ്യമായ തീരുമാനപ്രകാരം അതിന്റെ എഞ്ജിൻസികൾ അല്ലെങ്കിൽ പ്രതിനിധികൾ മുഖേന തിരിച്ചെടുത്തിരിക്കുന്ന വാഹനം ലേലം ചെയ്യുന്നതിനോ ഓൺലൈൻ ലേലം ചെയ്യുന്നതിനോ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ട നടപടിക്രമങ്ങൾ "BAF" സ്വീകരിക്കും.

വ്യക്തവും സുതാര്യവുമായ രീതിയിൽ കമ്പനിയുടെ മൂല്യനിർണ്ണയ നടപടിക്രമങ്ങൾ പ്രകാരം തിരിച്ചെടുത്തിരിക്കുന്ന വാഹനത്തിന്റെ മൂല്യനിർണ്ണയം നടത്തുന്നതാണ്.

കമ്പനിയുടെ നയങ്ങൾ പ്രകാരം, BAF എല്ലാ ശേഷിക്കുന്ന കുടിശികകളും/നിരക്കുകളും തിരികെ ലഭിക്കുന്നതിനായി തിരിച്ചെടുത്തിരിക്കുന്ന വാഹനത്തിന്റെ വിൽപ്പന നടത്തുന്നതാണ്. വാഹനം വിറ്റ് കുടിശിക/നിരക്കുകൾ എല്ലാം അടച്ചതിനുശേഷം എതെങ്കിലും അധിക തുക ശേഷിക്കുന്നുവെങ്കിൽ, വായ്പ്പക്കാരന്റെ അഭ്യർത്ഥന പ്രകാരം അനുയോജ്യമായ സമയത്ത് ചെക്ക് ഒപ്പം/അല്ലെങ്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന അവന്/അവൾക്ക് റീഫണ്ടുചെയ്യുന്നതാണ്.

എന്തുതന്നെയായാലും, വിൽപ്പന മൂലം ശേഷിക്കുന്ന കുടിശികകൾ ഒപ്പം/ അല്ലെങ്കിൽ നിരക്കുകൾ തിരിച്ചടയ്ക്കാനായെങ്കിൽ, എതിരഭിപ്രായം ഇല്ലാതെ തന്നെ BAF, ശേഷിക്കുന്ന തുക വായ്പ്പക്കാരന് നൽകുന്നതാണ്.

VI. സ്വമനസ്സാലെ വാഹനം തിരികെ നൽകൽ:

"BAF" തീരുമാനിച്ചിരിക്കുന്ന് പ്രകാരമുള്ള രീതിയിലുള്ള ഏതെങ്കിലുമൊന്നിലും സാക്ഷ്യപ്പെടുത്തിയ സറണ്ടർ പത്രം വായ്പ്പക്കാരൻ നൽകേണ്ടതുണ്ട്.

കമ്പനിയുടെ വ്യക്തവും സുതാര്യവുമായ മൂല്യനിർണ്ണയ ക്രമം പ്രകാരമായിരിക്കും സ്വമനസ്സാലെ തിരികെ നൽകിയ വാഹനത്തെ മൂല്യനിർണ്ണയം ചെയ്യുന്നത്.

BAF, അതിന്റെ എഞ്ജിൻസികൾ അല്ലെങ്കിൽ പ്രതിനിധികൾ മുഖേനയുള്ള ലേലം അല്ലെങ്കിൽ ഓൺലൈൻ മുഖേനയുള്ള ലേലത്തിലൂടെ അല്ലെങ്കിൽ വിൽപ്പനയിലൂടെ, കൈമാറ്റത്തിലൂടെ അല്ലെങ്കിൽ BAF-ന് യോജ്യമായ തീരുമാനത്തിലൂടെ BAF തിരിച്ചെടുത്തിരിക്കുന്ന വാഹനം ലേലം ചെയ്യുന്നതാണ്.

കമ്പനിയുടെ നയങ്ങൾ പ്രകാരം, BAF എല്ലാ ശേഷിക്കുന്ന കുടിശികകളും/നിരക്കുകളും തിരികെ ലഭിക്കുന്നതിനായി തിരിച്ചെടുത്തിരിക്കുന്ന വാഹനത്തിന്റെ വിൽപ്പന നടത്തുന്നതാണ്. വാഹനം വിറ്റ് കുടിശിക/നിരക്കുകൾ എല്ലാം അടച്ചതിനുശേഷം എതെങ്കിലും അധിക തുക ശേഷിക്കുന്നുവെങ്കിൽ, വായ്പ്പക്കാരന്റെ അഭ്യർത്ഥന പ്രകാരം അനുയോജ്യമായ സമയത്ത് ചെക്ക് ഒപ്പം/അല്ലെങ്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന അവന്/അവൾക്ക് റീഫണ്ടുചെയ്യുന്നതാണ്. വിൽപ്പന നടന്നതിനുശേഷവും ശേഷിക്കുന്ന കുടിശികകൾ ഒപ്പം/അല്ലെങ്കിൽ നിരക്കുകൾ തീർക്കുന്നതിന് കഴിഞ്ഞില്ലെങ്കിൽ എതിരഭിപ്രായം ഇല്ലാതെതന്നെ വായ്പ്പക്കാരനിൽ നിന്ന് ശേഷിക്കുന്ന തുക നേടുന്നതിന് BAF-ന് അവകാശമുണ്ട്.

VII. പൊതുവായത്

(അ) വായ്പ്പക്കാരൻ ചെയ്തിരിക്കുന്ന എല്ലാ അറ്റാച്ചുമെന്റുകൾ/അധിക കാര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടെ വായ്പ്പക്കാരന് വാഹനം നൽകിയതുപോലെതന്നെ "BAF" നിർണ്ണയിക്കുന്ന സ്ഥലത്താണ് വായ്പ്പക്കാരൻ "BAF"-ന് വാഹനം/ആസ്തി നൽകേണ്ടിവരുക, സാധാരണയായി ഉണ്ടാകുന്ന തേയ്മാനങ്ങൾ അംഗീകരിക്കുന്നു.

(ആ) മുകളിൽ കൊടുത്തിരിക്കുന്നതുപോലെ വാഹനം തിരിച്ചെടുക്കാൻ വരുന്ന "BAF" അല്ലെങ്കിൽ കോടതി നിയോഗിച്ചിരിക്കുന്ന റിസീവറെ തടയുന്നതിന് വായ്പ്പക്കാരന് അവകാശമില്ല.

(ഇ) വാഹനം തിരിച്ചെടുക്കുന്നതിനും അതിന്റെ സുരക്ഷിതമായ സൂക്ഷിപ്പുമായും ബന്ധപ്പെട്ട് തിരിച്ചെടുക്കുന്ന വാഹനം കൊണ്ടുപോകുന്നതിന്റെ നിരക്കുകളും ഗോഡൗൺ നിരക്കുകളും വാടകയും മറ്റ് ചിലവുകളും വായ്പ്പക്കാരൻ "BAF"-ന് നൽകേണ്ടതായി വന്നേക്കാം. എന്തെങ്കിലും ബാധ്യതകളുണ്ടെങ്കിൽ വായ്പ്പക്കാരൻ "BAF"-ന് ഉടൻ തന്നെ അടയ്ക്കാൻ ബാധ്യസ്ഥനാണ്.

(ഈ) "BAF"-ന് ലോൺ മുഴുവനായുമോ ഭാഗികമായോ ലോണിന് കീഴിൽ വരുന്ന തുകകളിലോ മറ്റേതെങ്കിലും അവകാശങ്ങളിലോ ഈ ഉടമ്പടിയുടെ നിയന്ത്രണത്തിൽ വരുന്ന "BAF" ഉടമ്പടികളിലോ മറ്റ് അനുരൂപമായ ഡോക്യുമെന്റോ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ അവകാശമുണ്ടായിരിക്കും (ചുമതലയായോ സുരക്ഷാപ്രകാരമോ), ഇത്തരം നിബന്ധനകളും വ്യവസ്ഥകളും പ്രകാരം അറിയിപ്പ് ഇല്ലാതെതന്നെ അല്ലെങ്കിൽ വായ്പക്കാരന് അറിയിപ്പ് നൽകാതെ സ്വയമേയുള്ള നിർണ്ണയത്തിലും "BAF" നടത്തുന്നതാണ്.

(ഉ) ഇവിടെ നൽകിയിരിക്കുന്നവ പ്രകാരം, നടപടിക്രമങ്ങൾ/തിരിച്ചടക്കൽ, വിൽപ്പന എന്നിവയ്ക്കായി വായ്പ്പക്കാരന് നേരിടേണ്ടിവരുന്ന എന്തെങ്കിലും നഷ്ടത്തിനും "BAF"-ന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

(ഊ) ചൂണ്ടിപ്പണയമാക്കിയ വാഹനത്തിന്മേൽ നടപടി സ്വീകരിക്കുന്ന ഒപ്പം/അല്ലെങ്കിൽ കൈവശപ്പെടുത്തുന്ന അല്ലെങ്കിൽ കണ്ടുകെട്ടുന്ന സമയത്ത് "BAF"-ഓ അതിന്റെ എഞ്ജിന്റുമാരോ ഉദ്യോഗസ്ഥരോ നോമിനികളോ ഒരു തരത്തിലും ഉത്തരവാദികളായിരിക്കുന്നതല്ല. അതിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന വസ്തുക്കൾക്കോ സാധനങ്ങൾക്കോ സംഭവിക്കുന്ന നഷ്ടങ്ങൾക്കോ കേടുപാടുകൾക്കോ പരിമിതികൾക്കോ "BAF"-ഓ അതിന്റെ എഞ്ജിന്റുമാരോ ഉദ്യോഗസ്ഥരോ നോമിനികളോ ഒരു തരത്തിലും ഉത്തരവാദികളായിരിക്കുന്നതല്ല. ബാദ്ധ്യസ്ഥരോ ആകില്ലെന്നും അങ്ങനെ ഉത്തരവാദികളോ ബാദ്ധ്യസ്ഥരോ ആക്കില്ലെന്നും വായ്പക്കാരൻ സമ്മതിക്കുകയും ചെയ്യുന്നു.

10. ചുമതലയും കൈമാറ്റവും.

10.1 വായ്പയ്ക്ക് കീഴിൽ വരുന്ന മുഴുവനോ ഭാഗികമോ ആയ കുടിശ്ശികയും ഈ കരാറിനുകീഴിൽ "BAF"-നുള്ള മറ്റേതെങ്കിലും അവകാശവും ബാദ്ധ്യതയും അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ ഏതെങ്കിലും തരത്തിലുള്ള രേഖകളും വിൽക്കാനോ കൈമാറ്റം ചെയ്യാനോ (നിയോഗിക്കൽ, സെക്യൂരിറ്റൈസേഷൻ എന്നിവ വഴി) "BAF"-ന് അധികാരമുണ്ട്, അത്തരം സാഹചര്യങ്ങളിൽ വായ്പക്കാരനെ പരിഗണിക്കുകയോ അറിയിക്കുകയോ ചെയ്യാതെ "BAF" സ്വയം തീരുമാനമെടുത്തേക്കാം. അത്തരം വിൽപ്പന, നിയോഗിക്കൽ, സെക്യൂരിറ്റൈസേഷൻ അല്ലെങ്കിൽ കൈമാറ്റത്തിന് വായ്പക്കാ(ര്)രൻ ബാദ്ധ്യസ്ഥരായിരിക്കും.

10.2 മുകളിൽ പറഞ്ഞ രീതിയിൽ വിൽപ്പന അല്ലെങ്കിൽ കൈമാറ്റം നടത്തുന്ന സാഹചര്യത്തിൽ, വിറ്റത് അല്ലെങ്കിൽ കൈമാറ്റം ചെയ്തത് ആർക്കാണോ, അവരെ അവൻ / അവൾ / അവർ വായ്പ നൽകുന്നയാളായി അംഗീകരിക്കുമെന്നും "BAF" നിർദ്ദേശിക്കുന്നത് പ്രകാരം അത്തരം വ്യക്തിയ്ക്ക് വായ്പ തിരിച്ചടയ്ക്കുമെന്നും വായ്പക്കാരൻ ഉറപ്പുനൽകുന്നു

10.3 ഈ കരാറിനുകീഴിലുള്ള അവകാശങ്ങളോ അധികാരങ്ങളോ ഭാഗികമായോ പൂർണ്ണമായോ മറ്റൊരാൾക്ക് നേരിട്ട് അല്ലെങ്കിൽ പരോക്ഷമായി നിയോഗിക്കാൻ വായ്പക്കാരന് അധികാരമില്ല.

NOT IN EFFECT FROM 1ST OCTOBER 2020

കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited)-ന് വേണ്ടി

☞ വായ്പക്കാരൻ | ✗ സഹ-വായ്പക്കാരൻ | ✓ ജാമ്യക്കാരൻ

അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒപ്പ്

11. തിരിച്ചടവ്

തിരിച്ചടവ് കാലാവധി തീരുന്നതിന് മുമ്പ് അക്കൗണ്ട് ഫോർക്ലോസ് ചെയ്യാൻ, അതായത് വായ്പാ കാലയളവ് തീരുന്നതിന് മുമ്പ് വായ്പാ തുക മുൻകൂട്ടി അടച്ചുതീർക്കാൻ വായ്പക്കാരൻ തീരുമാനിക്കുകയാണെങ്കിൽ അല്ലെങ്കിൽ ഉദ്ദേശിക്കുകയാണെങ്കിൽ അനുബന്ധത്തിൽ വ്യക്തമാക്കിയിരിക്കുന്നത് പ്രകാരം പ്രീപേയ്മെന്റ് ചാർജുകളും വായ്പാ തുകയിലെ പലിശയും വായ്പക്കാരനിൽ നിന്ന് ഈടാക്കാൻ "BAF"-ന് അധികാരമുണ്ട്.

12. ജാമ്യം

1. ഇതിനുകീഴിൽ വായ്പക്കാ(ർക്കുള്ള)രനുള്ള ബാദ്ധ്യതകൾ "BAF" ആവശ്യപ്പെട്ട് 15 ദിവസത്തിനുശേഷം എൽക്കുമെന്നും അടയ്ക്കാൻ ശേഷിക്കുന്ന തുക പറയുന്ന കാലളവിന് മുമ്പോ ശേഷമോ ഒന്നിച്ച് മുഴുവൻ പലിശയും ചാർജുകളും സഹിതം "BAF"-ന് നൽകുമെന്നും ജാമ്യക്കാരൻ നിരുപാധികം ഉറപ്പുനൽകുന്നു. ജാമ്യം ബാദ്ധ്യതകൾ പൂർണ്ണമായി തിരുന്നതുവരെ തുടരുന്നതാണ്.
ജാമ്യക്കാരന്റെ (ജാമ്യക്കാരുടെ) ബാദ്ധ്യത വായ്പക്കാ(രുടെ)രന്റെ ബാദ്ധ്യത പോലെ തന്നെ സംയുക്തമോ പ്രത്യേകമോ ആകാം.
2. ജാമ്യക്കാരന്റെ ബാദ്ധ്യത വായ്പക്കാരന്റെ പോലെതന്നെ സമവ്യാപ്തമാണെന്നും, അത് BAF-ഉം അവരും തമ്മിലുള്ളതാണെന്നും, ശേഷിക്കുന്ന എല്ലാ തുകകളുടെയും പ്രധാന കടക്കാരായി അവരെയും BAF കണക്കാക്കുമെന്നും ജാമ്യക്കാരൻ സമ്മതിക്കുന്നു.
3. ഇനിപ്പറയുന്നവയുൾപ്പെടെ, എന്നാൽ അവയിൽ പരിമിതപ്പെടുത്താതെ, BAF-നുള്ള ബാദ്ധ്യതയിൽ നിന്ന് അവർ ഒഴിവാകുന്നില്ല എന്ന് ജാമ്യക്കാരൻ സമ്മതിക്കുന്നു :
   അ. ഈ കരാറിന്റെ അല്ലെങ്കിൽ ഇടപാടിന്റെ വ്യവസ്ഥകളിൽ അവരുടെ സമ്മതമില്ലാതെ BAF-ഉം വായ്പക്കാരനും (വായ്പക്കാരും) വരുത്തുന്ന മാറ്റങ്ങൾ
   ആ. BAF-ഉം വായ്പക്കാരനും (വായ്പക്കാരും) തമ്മിലുള്ള ഏതെങ്കിലും ഉടമ്പടിയിൽ നിന്ന് വായ്പക്കാരനെ മോചിപ്പിക്കുക, അല്ലെങ്കിൽ
   ഇ. BAF-ന്റെ ഏതെങ്കിലും പ്രവർത്തനം അല്ലെങ്കിൽ വീഴ്ച ജാമ്യക്കാരനെ നിയമപരമായ അനന്തരഫലങ്ങളിൽ നിന്ന് മുക്തമാക്കൽ അല്ലെങ്കിൽ
   ഈ. വായ്പക്കാരന് സമയം നൽകാൻ അല്ലെങ്കിൽ വായ്പക്കാരനെതിരെ കേസ് കൊടുക്കാതിരിക്കാൻ BAF-മായി ഒത്തുതീർപ്പ് ചെയ്യൽ അല്ലെങ്കിൽ ഉറപ്പുവാങ്ങൽ
   ഉ. BAF-നുള്ള ജാമ്യം നഷ്ടപ്പെടുമ്പോൾ, അവർക്ക് ലഭ്യമായ എല്ലാ സുരക്ഷിത അവകാശങ്ങളും ജാമ്യക്കാരൻ വേണ്ടെന്നുവെയ്ക്കുന്നു.
4. BAF-ൽ നിന്നുള്ള രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനുശേഷം അല്ലെങ്കിൽ രജിസ്റ്റേഡ് പോസ്റ്റ് AD അയച്ച് 18 ദിവസത്തിനുശേഷം ഇവയിൽ നേരത്തെ സംഭവിക്കുന്നത് ഏതാണോ, അപ്പോൾ മുതൽ വായ്പക്കാരനെതിരെ നടപടിയെടുത്തതൊന്നും പരിഗണിക്കാതെ ജാമ്യക്കാരന്റെ ബാദ്ധ്യത തുടങ്ങുന്നു.
5. ഈ കരാറിൽ നിർവചിച്ചിട്ടുള്ള മദ്ധ്യസ്ഥ ഉടമ്പടിയിൽ ജാമ്യക്കാരനെയും ബന്ധിപ്പിച്ചിരിക്കുന്നു എന്നും മദ്ധ്യസ്ഥൻ നിർണ്ണയിക്കുന്ന ന്യായവിധി ജാമ്യക്കാരനും ബാധകമാണെന്നും ജാമ്യക്കാരൻ സമ്മതിക്കുന്നു.
6. വായ്പക്കാരന്റെ ഉടമ്പടിയ്ക്കൊപ്പം ഏതൊരു വ്യക്തിയ്ക്കും (പൂർണ്ണമായോ സെക്യൂരിറ്റിയായോ) BAF ഈ ഉറപ്പ് പൂർണ്ണമായോ ഭാഗികമായോ നൽകുന്നു.

13. സമ്മിശ്രണങ്ങൾ

13.1 ഈ കരാറിനുകീഴിലെ അവകാശങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും, വായ്പയായി നൽകിയ തുക, പലിശ, വായ്പക്കാരൻ നൽകേണ്ട മറ്റ് തുകകൾ എന്നിവ തിരിച്ചുപിടിക്കാനുമായി "BAF"-ന പ്രാപ്തമാക്കുന്നതിന്, ഏതെങ്കിലും ഉദ്യോഗസ്ഥർ, എഞ്ചറുമാർ, അല്ലെങ്കിൽ അംഗീകൃത പ്രതിനിധികൾ മുഖേന, മുകളിൽ പറഞ്ഞ വാഹനം വാങ്ങാനാ യി അനുവദിച്ച/ നൽകിയ വായ്പാ സൗകര്യത്തിന്റെ ആവശ്യത്തിനായി ഏതെങ്കിലും നടപടികൾ, കൃത്യങ്ങൾ, കാര്യങ്ങൾ എന്നിവ നിയമപ്രകാരം നിയോഗിക്കപ്പെടുവരായി ചെയ്യാനും/നിർവ്വഹിക്കാനും വായ്പക്കാരൻ "BAF"-ന ഇതിനാൽ തിരഞ്ഞെടുത്തിരിക്കുന്നു. : .

(അ) ഇവിടെ പറഞ്ഞിരിക്കുന്ന വാഹനം കൈമാറാനും വിൽക്കാനും അല്ലെങ്കിൽ ഒഴിവാക്കാനും, കൂടാതെ എല്ലാ ഉടമ്പടികളും സത്യവാങ്മൂലങ്ങളും രേഖകളും ആവശ്യമായതുപ്രകാരം ഒപ്പുവെയ്ക്കുന്നതിനും ഉടമ്പടിചെയ്യുന്നതിനും, അല്ലെങ്കിൽ വാഹനം ഡെലിവറി ചെയ്യാനുള്ള നിക്കുപോക്ക് ചെയ്യുന്നതിന്.

(ആ) അത്തരം കൈമാറ്റ വിൽപ്പന, വ്യവസ്ഥ, കാര്യനിർവ്വഹണം എന്നിവയെ ബാധിക്കുന്ന തരത്തിൽ ആവശ്യമാകുന്ന സാഹചര്യത്തിൽ വാഹനം കൈവശപ്പെടുത്താനായി എഞ്ചറിനെ/ അല്ലെങ്കിൽ ബ്രോക്കറെ നിയമിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നതിന്.

(ഇ) വിൽപ്പനയ്ക്കുശേഷം ഇവിടെ പറഞ്ഞിരിക്കുന്ന വാഹനം രജിസ്റ്റർ ചെയ്യാൻ ബന്ധപ്പെട്ട അധികാരികൾക്ക് അറിയിപ്പ് നൽകുന്നതിന്.

(ഈ) ഈ വാഹനത്തിന്റെ വിൽപ്പന, കൈമാറ്റം, മാറ്റൽ എന്നിവ വഴി പരിഗണന സ്വീകരിക്കുന്നതിനും ശരിയായ രസീതും സാധുതയുള്ളതും ഫലപ്രദമായതുമായ വിടുതൽ രേഖയും നൽകുന്നതിനും.

(ഉ) അങ്ങനെ ചെയ്യുന്നതിനായി, ഹാജരാക്കിയ ഈ രേഖകളുമായി ബന്ധപ്പെട്ട, സംബന്ധിച്ച അല്ലെങ്കിൽ ഉദ്ദേശിച്ച എല്ലാ നടപടികളും പ്രവൃത്തികളും കാര്യങ്ങളും നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, ഈ കരാർ ഒരു വ്യക്തി മാത്രം ഉൾപ്പെട്ടതാണെങ്കിൽ, വായ്പക്കാരൻ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

13.2 നിയമപരമായും ഈ കരാറിനുകീഴിലും "BAF"-നുള്ള അവകാശങ്ങളും അധികാരങ്ങളും നിവൃത്തികളും മുഴുവനായോ അല്ലെങ്കിൽ ഏതെങ്കിലുമോ "BAF" ജീവനക്കാർ അല്ലെങ്കിൽ [illegible]ന് ഏൽപ്പിക്കുന്നതിനാൽ പ്രസ്തുത അധികാരങ്ങൾ "BAF" നിർവ്വഹിക്കുക ജീവനക്കാരോ എഞ്ചറുമാരോ വഴിയാണ്.

13.3 ഇനിപ്പറയുന്നവ നേരിട്ടോ അല്ലാതെയോ കാരമണമാകുകയോ അല്ലെങ്കിൽ അവയുമായി ബന്ധപ്പെട്ടോ ചുമത്തപ്പെടുന്ന ഏതെങ്കിലും നടപടികൾ, ക്ലെയിമുകൾ, മുതൽമുടക്കുകൾ, [illegible]പരിഹാരങ്ങൾ, ആവശ്യങ്ങൾ, നഷ്ടങ്ങൾ, ബാദ്ധ്യതകൾ എന്നിവ "BAF" വഹിക്കേണ്ടിവരുകയോ ബാദ്ധ്യസ്ഥമാകുകയോ ചെയ്യുകയാണെങ്കിൽ "BAF"-ന അതിൽ നിന്ന് സംരക്ഷിക്കാൻ പരിഹാരങ്ങൾ വായ്പക്കാരൻ(ക്കാർ) ചെയ്യേണ്ടതാണ് :

(അ) ഈ കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വായ്പക്കാ(ർ)രൻ വരുത്തുന്ന വീഴ്ച ഒപ്പം/അല്ലെങ്കിൽ

(ആ) വായ്പക്കാ(ർ)രൻ അല്ലെങ്കിൽ അവരുടെ അനുമതിയോടെയോ അല്ലാതെയോ ജോലിക്കാർ, എഞ്ചറുമാർ, അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തികൾ വാഹനം കൈകാര്യം ചെയ്യുന്നത്, പ്രവർത്തിപ്പിക്കുന്നത് അല്ലെങ്കിൽ ഉപയോഗിക്കുന്നത് മൂലമുണ്ടാകുന്ന മൂന്നാംകക്കി ബാദ്ധ്യതയുൾപ്പെടെയുള്ള ഏത് ബാദ്ധ്യതയും ഒപ്പം/അല്ലെങ്കിൽ

(ഇ) വായ്പക്കാ(ർ)രൻ നൽകിയ പ്രസ്താവനകളും പ്രമാണങ്ങളും തെറ്റായത് കാരണം "BAF" വഹിക്കേണ്ടിവന്ന അല്ലെങ്കിൽ ബാദ്ധ്യതയേൽക്കേണ്ടിവന്ന വന്ന [illegible]ൾ, നഷ്ടങ്ങൾ, ആവശ്യങ്ങൾ, നടപടികൾ, മുതൽമുടക്കുകൾ, ചിലവുകൾ, ബാദ്ധ്യതകൾ ഒപ്പം/ അല്ലെങ്കിൽ ചൂണ്ടിപ്പണയമാക്കിയ വാഹനം എന്തെങ്കിലും ബാദ്ധ്യതകൾ അല്ലെങ്കിൽ ചാർജുകളിൽ നിന്ന് മുക്തമല്ല എന്ന കാരണത്തെ [illegible] വഹിക്കേണ്ടിവന്ന അല്ലെങ്കിൽ ബാദ്ധ്യതയേൽക്കേണ്ടിവന്ന എന്തെങ്കിലും നിരക്ക്, നഷ്ടങ്ങൾ, ആവശ്യങ്ങൾ, നടപടികൾ, മുതൽമുടക്കുകൾ, ചിലവുകൾ എന്നിവ

13.3 ഈ കരാറിലെ മറ്റേത് നിബന്ധനയുടെയും മുൻവിധിയില്ലാതെ, ഈ കരാറിനുകീഴിൽ വായ്പക്കാരൻ "BAF"-ന് അടയ്ക്കുന്ന പണം ഇനിപ്പറയുന്ന [illegible]ത്തിൽ അല്ലെങ്കിൽ "BAF" അനുയോജ്യമാണെന്ന് കരുതുന്ന രീതിയിൽ നിക്കിവെച്ചിരിക്കുന്നു-

   അ. ജാമ്യം വ്യവസ്ഥ ചെയ്യാൻ, നടപ്പിലാക്കാൻ, നിലനിർത്താൻ കൂടാതെ വായ്പ, പലിശ എന്നിവയും ഈ കരാറിനുകീഴിൽ വായ്പക്കാരൻ "BAF"-ന് [illegible] എല്ലാ തുകകളും വീണ്ടെടുക്കുന്നതിനായി "BAF" ചിലവഴിച്ച മുതൽമുടക്കുകളും ചാർജുകളും.
   ആ. പലിശ, ചാർജുകൾ എന്നിവ ഈ കരാറിനുകീഴിലുള്ളത് പ്രകാരം
   ഇ. വായ്പയുടെ മുതൽ
   ഈ. വീഴ്ച വരുത്തിയ തുകയിൽ/തുകകളിൽ അടയ്ക്കാത്ത തുകയുടെ, അല്ലെങ്കിൽ നഷ്ടത്തിന്റെ പലിശ
   ഉ. പ്രീപേയ്മെന്റ് ചാർജുകൾ, ബാങ്ക് ചാർജുകൾ, (ചെക്ക് മടങ്ങിയ ചാർജുകൾ), കൂടാതെ അടയ്ക്കാൻ ശേഷിക്കുന്നതും അടയ്ക്കേണ്ടതുമായ മറ്റ് ചാർജുകൾ,

13.4 വായ്പ നൽകുന്നവർ എന്ന നിലയിലുള്ള അവകാശങ്ങൾ, അധികാരം അല്ലെങ്കിൽ നിക്കുപോക്ക്, കൂടാതെ ഈ കരാറുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രമാണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ "BAF"-ന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം, അല്ലെങ്കിൽ വീഴ്ച "BAF-ന്റെ അവകാശം, അധികാരം അല്ലെങ്കിൽ നിക്കുപോക്കുകാണൽ എന്നിവയെ ബാധിക്കുന്നില്ല, അല്ലെങ്കിൽ ഈ കരാറിന്റെ വിടുതലിനുള്ള അംഗീകാരമായും വ്യാഖ്യാനിക്കപ്പെടുകയില്ല എന്ന് ഇരുകക്ഷികളും അംഗീകരിക്കുന്നു

13.5 ഈ കരാറും ഇതിന്റെ അനുബന്ധവും ഇതുമായി ബന്ധപ്പെട്ട മറ്റേത് രേഖകളും കക്ഷികൾ തമ്മിലുള്ള ഒറ്റ കരാറിനെ പ്രതിനിധീകരിക്കുന്നു എന്ന് ഇരുകക്ഷികളും സ്ഥിരീകരിക്കുന്നു.

13.6 കക്ഷികൾ തമ്മിൽ മുമ്പ് നടന്ന എല്ലാ ചർച്ചകളും ബോധിപ്പിക്കലുകളും, "BAF" ബ്രോഷർ, വായ്പക്കാരൻ "BAF"-നുള്ള എഴുത്തുകളിൽ പ്രതിപാദിച്ച ബാദ്ധ്യതകൾ, ബോധിപ്പിക്കലുകൾ, അപേക്ഷാ ഫോമുകൾ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സമ്മതിച്ച മറ്റ് കാര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള ഉള്ളടക്കങ്ങളുമായി പൊരുത്തപ്പെടാത്ത കാര്യങ്ങൾ എന്നിവ [illegible] ഈ കരാർ അസാധുവാക്കുന്നു.

13.7 കാലാകാലങ്ങളിലെ പരിഷ്ക്കാരങ്ങൾക്കനുസരിച്ചുള്ള ഒരുമോഗ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് 1881, ക്രിമിനൽ പ്രൊസീജർ ആക്റ്റ്, സിവിൽ പ്രൊസീജർ ആക്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും ഫോറങ്ങൾക്ക് കീഴിൽ വരുന്ന വ്യവഹാരങ്ങളായി ചിലവഴിച്ച തുക പലിശസഹിതം വായ്പക്കാരൻ (വായ്പക്കാർ) വഹിക്കാൻ ബാദ്ധ്യസ്ഥരാണ്.

13.8 കക്ഷികളുടെ വിലാസം അനുബന്ധത്തിന് കീഴിൽ നൽകിയിരിക്കുന്നത് പ്രകാരമായിരിക്കും. വായ്പക്കാരന്റെയോ ജാമ്യക്കാരന്റെയും വിലാസത്തിൽ വരുന്ന മാറ്റങ്ങൾ അവൻ / അവൾ / അവർ ഉടൻ "BAF"-ന അറിയിക്കേണ്ടതാണ്.

13.9 ഈ കരാറിനൊപ്പം ആവശ്യമുള്ളതോ അനുവദിക്കുന്നതോ ആയ ഏതെങ്കിലും അറിയിപ്പ് അല്ലെങ്കിൽ [illegible]ഥന ഇരുകക്ഷികളും ആർക്കാണോ അയയ്ക്കേണ്ടത് അവർക്ക് അനുബന്ധത്തിൽ നൽകിയിരിക്കുന്ന വിലാസത്തിലേക്കോ അല്ലെങ്കിൽ കരാർ തുടരുന്നതിനിടയിൽ നൽകുന്ന മറ്റേതെങ്കിലും (വായ്പക്കാരന്റെയോ ജാമ്യക്കാരന്റെയോ [illegible]ത്തിൽ) വിലാസത്തിലേക്കോ അല്ലെങ്കിൽ "BAF"-നറിയുന്ന വായ്പക്കാരന്റെ/ ജാമ്യക്കാരന്റെ അവസാനത്തെ വിലാസത്തിലേക്ക് രേഖാമൂലം മാത്രം അയയ്ക്കേണ്ടതാണ്):

(അ) "BAF" അറിയിപ്പ് നൽകുന്നത് വ്യക്തികൾ വഴിയോ ഫാക്സ് അല്ലെങ്കിൽ തപാൽ വഴിയോ ആകാം. വ്യക്തി വഴിയാണെങ്കിൽ അത് ലഭിച്ചയുടനെയും തപാൽ വഴിയാണെങ്കിൽ വായ്പക്കാരന്റെ / ജാമ്യക്കാരന്റെ അവസാനം അറിയാവുന്ന/ പരിഷ്ക്കരിച്ച വിലാസത്തിലേക്ക് രജിസ്റ്റേഡ് പോസ്റ്റായി അയച്ച് 3 ദിവസത്തിനുശേഷവും അത് കൈപ്പറ്റിയതായി കണക്കാക്കും

(ആ) എല്ലാ എഴുത്തുകളിലും, വായ്പക്കാരനും ജാമ്യക്കാരനും (ജാമ്യക്കാരും) അക്കൗണ്ട് നമ്പറും പൂർണ്ണമായ രജിസ്ട്രേഷൻ നമ്പറും എഴുതേണ്ടതാണ്.

13.10 വായ്പക്കാരുടെ ബാദ്ധ്യത, ഒന്നിലധികം പേരാണെങ്കിൽ ഒന്നിച്ചോ ഒറ്റയ്ക്കൊറ്റയ്ക്കോ [illegible]യിരിക്കും
ഈ വായ്പക്കുകീഴിൽ വായ്പക്കാർക്കുള്ള ബാദ്ധ്യത ഒന്നിച്ചോ ഒറ്റയ്ക്കൊറ്റയ്ക്കോ ആകാം.

14. വേർതിരിക്കൽ ഉടമ്പടി

എന്തെങ്കിലും നിയമം, വ്യവസ്ഥാപനം, അല്ലെങ്കിൽ സർക്കാർ നയം എന്നിവയ്ക്കുള്ള കാരണങ്ങളാൽ ഈ കരാറിന്റെ കീഴിൽ ഏതെങ്കിലും വ്യക്തിക്കോ സാഹചര്യത്തിനോ ഉള്ള ഏതെങ്കിലും വ്യവസ്ഥ/ ഉടമ്പടി/ സഹ-ഉടമ്പടി അസാധുവാകുകയാണെങ്കിൽ, അസാധുവാക്കപ്പെടവയൊഴികെ വ്യക്തികൾക്ക് അല്ലെങ്കിൽ സാഹചര്യങ്ങൾക്കുള്ള വ്യവസ്ഥകൾ മൂലമുള്ള ബാധകമാക്കലുകൾ നിലനിൽക്കും, കൂടാതെ ഈ കരാറിലെ എല്ലാ വ്യവസ്ഥകളും നിയമപ്രകാരം നിലനിൽക്കും, അവ നടപ്പിലാക്കാൻ കഴിയുകയും ചെയ്യും.

15. മദ്ധ്യസ്ഥത

ഈ കരാറിന്റെ വ്യാഖ്യാനം, നടപ്പിലാക്കൽ എന്നിവയെ സംബന്ധിച്ചുള്ള വശങ്ങളും, ഇതുമായി ബന്ധപ്പെട്ട ഈടും മറ്റ് രേഖകളും എന്നിവയുൾപ്പെടെ, കരാർ, കാലാവധി, ലംഘനം, അല്ലെങ്കിൽ നിബന്ധനകളും വ്യവസ്ഥകളും എന്നിവ സംബന്ധിച്ച് കക്ഷികൾ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള തർക്കമോ അവകാശവാദങ്ങളോ അഭിപ്രായ ഭിന്നതയോ ഉണ്ടാകുകയാണെങ്കിൽ അത് കക്ഷികൾ തമ്മിൽ രമ്യമായി പരിഹരിക്കേണ്ടതാണ്. അത്തരം ഒത്തുതീർപ്പുകൾ പരാജയപ്പെടുകയാണെങ്കിൽ, അത് BAF നിയമിക്കുന്ന ഒരു മദ്ധ്യസ്ഥന്റെ പരിഗണനയ്ക്ക് വിടുന്നു. അത് 1996-ലെ മദ്ധ്യസ്ഥ, അനുരഞ്ജന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരവും ഇന്ത്യൻ കൗൺസിൽ ഓഫ് ആർബിട്രേഷന്റെ മദ്ധ്യസ്ഥ നിയമങ്ങൾക്കനുസരിച്ചും ആയിരിക്കും, കൂടാതെ മദ്ധ്യസ്ഥൻ കൽപ്പിക്കുന്ന തീർപ്പ് അന്തിമവും അത് ഇരുകക്ഷികളും അനുസരിക്കുകയും ചെയ്യേണ്ടതാണ്.
പ്രസ്തുത വിഷയത്തിലെ മദ്ധ്യസ്ഥൻ യഥാർത്ഥത്തിൽ [illegible]ണക്കാക്കുകയോ എന്തെങ്കിലും കാരണങ്ങളാൽ നടപടിയെടുക്കാൻ കഴിയാതെ വരികയോ ചെയ്യുകയാണെങ്കിൽ, മദ്ധ്യസ്ഥനായി BAF-ന് മറ്റൊരാളെ നിയമിക്കാമെന്നത് ഈ കരാറിന്റെ ഒരു നിബന്ധനയാണ്.
മദ്ധ്യസ്ഥ ചർച്ചയ്ക്കുള്ള ഇടം ന്യൂഡൽഹി, അല്ലെങ്കിൽ [illegible] BAF-ന്റെ ബ്രാഞ്ച് ഓഫീസുകളായിരിക്കും, ഇവയിൽ മദ്ധ്യസ്ഥന് സൗകര്യപ്രദമായ അല്ലെങ്കിൽ അനുയോജ്യമായ ഇടം. അത്തരം വ്യക്തിക്ക് അവന്റെ / അവളുടെ / അവരുടെ മുൻഗാമിയാൽ അവശേഷിച്ചിട്ടുള്ള ഘട്ടത്തിൽ നിന്നുള്ള റഫറൻസുമായി മുന്നോട്ട് പോകാൻ അർഹതയുണ്ടായിരിക്കും.

16. അധികാരപരിധി

ഇവിടെ നൽകിയിട്ടില്ലാത്ത മറ്റെല്ലാ കാര്യങ്ങൾക്കുമുള്ള അധികാര പരിധി ന്യൂഡൽഹിയിലെ കോടതികൾക്കോ ബ്രാഞ്ച് ഓഫീസുകൾക്കോ അല്ലെങ്കിൽ BAF-ന് മാത്രമോ ആയിരിക്കും.
ഈ കരാർ, ജാമ്യം, കൂടാതെ ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ ഡോക്യുമെന്റേഷനും നിയന്ത്രിക്കുന്നത് ഇന്ത്യയിലെ നിയമങ്ങളാണ്.

അംഗീകരണം-

മുകളിൽ പേരുനൽകിയിരിക്കുന്ന വായ്പക്കാരനും (വായ്പക്കാരും) ജാമ്യക്കാരനുമായ (ജാമ്യക്കാരുമായ) ഞാനും/ഞങ്ങളും ഇനിപ്പറയുന്നവ പ്രസ്താവിക്കുന്നു-
i. ഞാൻ/ഞങ്ങൾ മുഴുവൻ കരാറും വായിച്ചു / അനുബന്ധത്തിൽ വിശദമാക്കിയ കാര്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ എന്റെ മാതൃഭാഷയിൽ എനിക്ക്/ഞങ്ങൾക്ക് വിശദീകരിച്ചുതന്നു, അത് പൂരിപ്പിച്ചിരിക്കുന്നത് എന്റെ/ഞങ്ങളുടെ സാന്നിധ്യത്തിലാണ്.
ii. ഈ കരാറിലെ ഉള്ളടക്കം പരിശോധിക്കുകയും മനസ്സിലാക്കുകയും ചെയ്ത ശേഷമാണ് ഞാൻ/ഞങ്ങൾ ഒപ്പ് വെച്ചിരിക്കുന്നത്.
iii. ഞാൻ/ഞങ്ങളുമായുള്ള എല്ലാ ആശയവിനിമയങ്ങളും ഇംഗ്ലീഷ് ഭാഷയിൽ മാത്രം എഴുതാനാ ഞാൻ/ഞങ്ങൾ സമ്മതിക്കുകയും BAF-ന അനുവദിക്കുകയും ചെയ്യുന്നു.
അനുബന്ധത്തിൽ നൽകിയ തീയതിയിൽ ഉടമ്പടിക്കായി ഇരുകക്ഷികളും ഉടമ്പടി ചെയ്യേണ്ട ഈ ഹാജരാക്കലുകൾക്ക് സാക്ഷ്യം വഹിച്ചു.

*വായ്പക്കാരനുവേണ്ടി

☞ വായ്പക്കാരൻ | ✗ സഹ-വായ്പക്കാരൻ | ✓ ജാമ്യക്കാരൻ

വായ്പക്കാരനുവേണ്ടി:	സാക്ഷി:	സാക്ഷി:	
	പേര്:	പേര്:	
	ഒപ്പ്:	ഒപ്പ്:	

കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited)-ന് വേണ്ടി
ഒപ്പുവെച്ച് അയയ്ക്കുന്നത്
കമ്പനിയായ ബുസാൻ ഓട്ടോ ഫിനാൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെയാണ് (Bussan Auto Finance India Private Limited) അതിന്റെ അംഗീകൃത പ്രതിനിധി മുഖേന : ശ്രീ./ശ്രീമതി. _____

അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒപ്പ്

NOT IN EFFECT FROM 1ST OCTOBER 2020